# 5

# ക്രിസ്തു, നമ്മുടെ മഹാപുരോഹിതൻ (ഭാഗം 2)

# (5:1-14)

## ക്രിസ്തുവിന്റെ മഹാപൗരോഹിത്യം അഹരോന്റേതിനേക്കാൾ വലിയത് (4:14-5:10) (തുടരുന്നു)

### മഹാപുരോഹിതന്റെ പങ്ക് (5:1-4)

**[1]മനുഷ്യരുടെ ഇടയിൽനിന്നും എടുക്കുന്ന ഏതു മഹാപുരോഹിത
നും പാപങ്ങൾക്കായി വഴിപാടും യാഗവും അർപ്പിപ്പാൻ ദൈവകാര്യത്തിൽ
മനുഷ്യർക്കു വേണ്ടി നിയമിക്കപ്പെടുന്നു; [2]താനും ബലഹീനത പൂണ്ടവനാ
കയാൽ അറിവില്ലാത്തവരോടും വഴി തെറ്റി പോകുന്നവരോടും സഹതാപം
കാണിപ്പാൻ കഴിയുന്നവനും; [3]ബലഹീനത നിമിത്തം ജനത്തിനു വേണ്ടി എന്ന
പോലെ തനിക്കു വേണ്ടിയും പാപയാഗം അർപ്പിക്കേണ്ടിയവനും ആകുന്നു;
[4]എന്നാൽ അഹരോനെ പോലെ ദൈവം വിളിക്കുന്നവനല്ലാതെ ആരും ആ
സ്ഥാനം സ്വതവെ എടുക്കുന്നില്ല.**

യെഹൂദ മതത്തിലെ മഹാപുരോഹിതനുണ്ടായിരുന്ന ശക്തിയും, തേജസും, മോടിയും, ശോഭയും, മതിപ്പും മുഴുവൻ ഇന്ന്, ഊഹിക്കുവാൻ തന്നെ പ്രയാസമാണ്. ഈ സ്ഥാനം, മറ്റെല്ലാ ആദരണിയമായ സ്ഥാനത്തേക്കാളും ഉയർന്നതായിട്ടാണ് ജോസെഫസ് കണക്കാക്കിയിരുന്നത്.[1] ജെയിംസ് ബർട്ടൻ കോഫ്മാന്റെ താഴെ കൊടുത്തിരിക്കുന്ന വിവരണം സഹായകരമായിരിക്കും:

> ക്രിസ്ത്യാനികളെ വഴിതെറ്റിക്കുന്ന സ്വാധീനം ചെലുത്തുന്നതായിരുന്നു ഭൂമിയിലെ മഹാ പുരോഹിതന്മാരുടെ ശോഭ, പ്രത്യേകിച്ച് യെഹൂദ പശ്ചാത്തലമുള്ള ക്രിസ്ത്യാനികൾക്ക്. അവന്റെ പ്രൗഢിയുള്ള കവചത്തോടുകൂടിയ ഏഫോദ് വസ്ത്രവും, പ്രായശ്ചിത്ത ദിവസം അതിവിശുദ്ധ സ്ഥലത്തു പ്രവേശിക്കുവാനുള്ള പ്രത്യേക അനുവാദവും, ന്യായാധിപ സഭയിൽ ന്യായാധിപനായിരുന്നു വിധിക്കുവാനുള്ള അവകാശവും, യെഹൂദ ദേശത്തെ ഔദ്യോഗികമായി പ്രതിനിദാനം ചെയ്യുവാനുള്ള അധികാരവും, പ്രത്യേകിച്ച്, രാജാവില്ലാത്ത സമയത്ത് അഹരോന്റെ മക്കളായിരുന്നു ദേശത്തെ പ്രതിനിധീകരിക്കേണ്ടിയിരുന്നത്. കീഴടക്കിയിരുന്ന റോമൻ ഭടന്മാർക്ക് പോലും ലഭിക്കാത്ത ആദരവായിരുന്നു അവർക്ക് ലഭിച്ചിരുന്നത്-ഇവയും മറ്റു പലതും യെഹൂദ മഹാപുരോഹിതന്മാർക്ക് ലഭിച്ചത് ആളുകൾക്കിടയിൽ വലിയ മതിപ്പാണ് ഉളവാക്കിയത്.[2]

യെഹൂദ ജനം പൊതുവിൽ ഹെരോദാവ്മാരെ വെറുത്തിരുന്നു എങ്കിലും, അവർ അസൂയയോടെയാണെങ്കിലും, ശലോമോന്റെ കാലത്ത് പണിത

ദൈവാലയത്തിന്റെ മനോഹാരിത മുതൽ പിന്നീട് അതിന്റെ പുനർനിർമ്മാണ ത്തിന്റെയെല്ലാം കിടപിടിക്കാനാകാത്ത മനോഹാരിത നോക്കി അതിശയിച്ചി രുന്നു. ദൈവാലയത്തിന്റെ അഭിമാനവുമായി ബന്ധപ്പെട്ടതായിരുന്നു മഹാ പുരോഹിതന്റെ ആദരവ്.

ശിഷ്യന്മാർ ദൈവാലയത്തിന്റെ മനോഹാരിത യേശുവിനെ കാണിപ്പാൻ ശ്രമിച്ചു (മത്താ. 24:1, 2). അപ്പൊസ്തലന്മാരുടെ ആ കാഴ്ച്ചപ്പാട് യേശു മാറ്റി യെങ്കിലും പൂർണ്ണമായി മാറുവാൻ പരിശുദ്ധാത്മാവിന്റെ ശക്തി അവരിൽ വരേണ്ടിയിരുന്നു. പരിശുദ്ധാത്മാവിന്റെ ശക്തി അവരിൽ വന്നിട്ട്, തങ്ങളുടെ പുതിയ വിശ്വാസത്തെ പ്രതിരോധിക്കുവാൻ ആ ഗലീലക്കാരായ പന്തിരുവർ മഹാപുരോഹിതന്റേയും ന്യായാധിപസഭയുടേയും മുൻപിൽ ധൈര്യമായി നിന്നു-യേശു ക്രൂശിൽ മരിച്ചതോടുകൂടി ന്യായപ്രമാണം നീങ്ങിപ്പോയി എന്ന സത്യവിശ്വാസത്തെയാണ് അവർ സ്വീകരിച്ചത് (പ്രവൃ. 1:6–8; 2:1–4; 4:13). മോശെ യുടെ വ്യവസ്ഥയെ സംബന്ധിച്ച് അവർ ഒരു പുതിയ കാഴ്ച്ചപ്പാടിൽ എത്തി.

മഹാപുരോഹിതന്റെ പങ്ക് എന്താണ്? “വലിയ മഹാപുരോഹിതനായ” യേശുവിന്റെ പങ്ക് എന്താണെന്ന് നമുക്ക് നോക്കാം.

**വാക്യം 1**. അദ്ധ്യായം തുടങ്ങുന്നത്, **മനുഷ്യരുടെ ഇടയിൽനിന്നും എടു ക്കുന്ന ഏതു മഹാപുരോഹിതനും പാപങ്ങൾക്കായി വഴിപാടും യാഗവും അർപ്പിപ്പാൻ ദൈവകാര്യത്തിൽ മനുഷ്യർക്കു വേണ്ടി നിയമിക്കപ്പെടുന്നു** എന്നു പറഞ്ഞുകൊണ്ടാണ്. ദൈവത്തിൽനിന്നു മനുഷ്യർ വേർപെട്ടിരി ക്കുന്നു എന്നത് അന്തർലീനമാക്കുന്നതാണ് പുരോഹിതന്റെ ആവശ്യം. ദൈവ ത്തോട് അടുക്കുന്നതിന് നമുക്ക് ഒരു പ്രശ്നം ഉണ്ട്: ആ പ്രശ്നം പാപമാണ്, പാപം നമ്മെ ദൈവത്തിൽനിന്നും അകറ്റുന്നു (യെശ. 59:1, 2). ഒരർത്ഥത്തിൽ എല്ലാ ക്രിസ്ത്യാനികളും ദൈവത്തിന്ന് പുരോഹിതന്മാരാണ് (1 പത്രൊ. 2:5, 9). വേറൊരർത്ഥത്തിൽ, നാം അവന്റെ കരുണാധിക്യപ്രകാരം അവനെ ആരാധിച്ച്, പിതാവിന്റെ അടുക്കലേക്ക് മുഴുവൻ പ്രവേശനവും അവൻ അനുവദിക്കുന്നു. ദൈവത്തെ അറിയുകയും, അവനോട് നല്ല ബന്ധം ഉണ്ടാ കുകയും, നമ്മുടെ പോരായ്മകൾ മനസിലാകുകയും ചെയ്യുന്ന ഒരു വ്യക്തി യാണ് പക്ഷവാദം ചെയ്യുവാൻ നമുക്ക് ആവശ്യം. നമ്മുടെ മഹാപുരോഹിത നും മദ്ധ്യസ്ഥനുമായ യേശുക്രിസ്തുവിനെ കൂടാതെ നമുക്ക് ദൈവവുമായി ബന്ധപ്പെടുവാൻ സാധ്യമല്ല.

മഹാപുരോഹിതൻ **പാപങ്ങൾക്ക് വേണ്ടി വഴിപാടും യാഗവും** അർപ്പി ക്കണമായിരുന്നു. 5:1–4 ൽ മഹാപുരോഹിതന്റെ പ്രവൃത്തികളെ കുറിച്ച് പറഞ്ഞിരിക്കുന്നത് വർത്തമാന കാലത്തിലാണ്. ദൈവാലയ ശുശ്രൂഷകൾ നടത്തിയിരുന്നത് ഇപ്പോഴും ലഭ്യമാണ്. എങ്ങനെയായാലും, അന്നത്തെ ആരാ ധനാ വ്യവസ്ഥ ഇനി ആവശ്യമില്ല, കാരണം പഴയ നിയമത്തിലെ യാഗങ്ങ ളെല്ലാം യേശുവിൽ നിറവേറപ്പെട്ടു. അതുകൊണ്ട്, അവയെല്ലാം സ്ഥിരമായി നീക്കം ചെയ്തു.

യെഹൂദ വിശ്വാസികൾ മഹാപുരോഹിതനിൽ അർപ്പിച്ചിരുന്ന ആദ രവോടെ ക്രിസ്ത്യാനികൾ ക്രിസ്തു എന്ന മഹാപുരോഹിതന്റെ പങ്ക് മന സിലാക്കണം. ന്യായപ്രമാണത്തിലെ മനുഷ്യരിൽനിന്നു എടുക്കുന്ന മഹാ പുരോഹിതനേക്കാൾ ഉയർന്ന മഹാപൗരോഹിത്യമാണ് യേശുവിന്റേത് എന്ന് അവർ തിരിച്ചറിയേണ്ടിയിരിക്കുന്നു.

**വാക്യം 2**. മനുഷ്യരുടെ ഇടയിൽനിന്ന് എടുക്കുന്ന ഒരാളായിരുന്നു ഭൗമിക

മഹാപുരോഹിതൻ. പാപത്തിന്നു യാഗം കഴിക്കുവാൻ കഴിവുള്ളവനുമായിരിക്കണം. തെറ്റിപ്പോയവനെ നേർവഴിക്ക് കൊണ്ടുവരുന്നവനും, **അറിവില്ലാത്തവനോട് സൗമ്യമായി ഇടപെടുന്നവനുമായിരിക്കണം** (5:3 ലെ ചർച്ചകൾ നോക്കുക). അഹരോന്റെ വംശാവലിയിൽനിന്നാണ് മഹാപുരോഹിതന്മാർ വരുന്നത് (പുറ. 29:9); മഹാപുരോഹിതനെ ദൈവം വിളിച്ച്, തിരഞ്ഞെടുത്ത്, നിയമിക്കണമായിരുന്നു.

മഹാപുരോഹിതന്റെ രണ്ട് സ്വഭാവ വിശേഷതകൾ, അവൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്നവനും മനുഷ്യരോട് സഹതപിപ്പാൻ കഴിയുന്നവനും ആയിരിക്കണം എന്നതാണ്. മഹാപുരോഹിതന് ആവശ്യമായ രണ്ട് യോഗ്യതകളും യേശുവിന് ഉണ്ടായിരുന്നതായി എബ്രായ ലേഖനം വ്യക്തമാക്കുന്നു. നാം മുറിവേൽക്കപ്പെടുമ്പോൾ, യേശു മുറിവേൽക്കപ്പെടുന്നു (4:15). അവൻ മറ്റെല്ലാ പുരോഹിതന്മാരേക്കാളും മനസലിവ് ഉള്ളവനാണ്. അവൻ നമ്മെ മനസിലാക്കുന്നു, കാരണം അവൻ പാപം കൂടാതെയാണ് ജീവിച്ചതെങ്കിലും, അവൻ തുടർച്ചയായി "വഞ്ചകരുടെ ആകർഷണങ്ങളും, നിഗൂഢ നിർദ്ദേശങ്ങളും നേരിട്ടിരുന്നു."[3]

5:1–10, ലെ വിശാലമായ സന്ദർഭത്തിൽ, യേശുവിന്റെ മഹാപൗരോഹിത്യത്തെയും ആ സ്ഥാനത്തിന്റെ മുഖ്യമായ പ്രവൃത്തികളെയും വിപുലമായി വിവരിക്കുന്നു: അവന്റെ ക്രൂശിലെ മരണം പ്രതിഫലിപ്പിക്കുകയായിരുന്നു തോട്ടത്തിലെ അവന്റെ പ്രാർത്ഥന. തന്റെ പൗരോഹിത്യ പ്രവൃത്തികളെ എബ്രായർ 7:1–10:18 വിശദമാക്കുന്നു. പുതിയ നിയമത്തിലെ മറ്റു വേദഭാഗങ്ങളൊന്നും അവൻ മഹാപുരോഹിതൻ ആകുന്നു എന്ന് തുറന്നു വ്യക്തമാക്കുന്നില്ല.

യേശു ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടു മഹാപുരോഹിതനും, മനുഷ്യരുടെ ഗുണത്തിനുവേണ്ടി നിയമിക്കപ്പെട്ടവനും ആകുന്നു. തീർച്ചയായും അവൻ ദൈവ പ്രവൃത്തികൾക്കായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൻ ആകുന്നു, അവൻ ഭൂമിയിൽ ആയിരുന്നപ്പോൾ തന്റെ പ്രവൃത്തി തികെക്കുകയും ചെയ്തു (യോഹ. 17:4). അവൻ ദൈവത്താൽ–തിരഞ്ഞെടുക്കപ്പെട്ടവനും ദൈവത്താൽ–നിയമിതനും ആയിരുന്നു. മഹാപുരോഹിതൻ ഇല്ലാത്തതായിരുന്നില്ല യെഹൂദ വ്യവസ്ഥ. കാരണം അത് ഉടമ്പടിയുടെ ഭാഗമായിരുന്നു. അത് പ്രാധാന്യമുള്ളതായിരുന്നു, കാരണം ആ സ്ഥാനം വഹിക്കുന്ന ആൾ ക്രിസ്തുവിന്റെ നിഴലായി പ്രവർത്തിക്കുകയായിരുന്നു; അയാളുടെ പ്രവൃത്തികൾ ക്രിസ്തീയ കാലത്തിന്റെ മുന്നോടിയായിരുന്നു.

**വാക്യം 3**. മഹാപുരോഹിതന്മാർ അന്ന് [തങ്ങൾക്കും] **ജനങ്ങൾക്കും വേണ്ടി യാഗവും വഴിപാടും അർപ്പിപ്പാൻ കടപ്പെട്ടിരുന്നു**. യാഗങ്ങൾ അർപ്പിക്കുക എന്നതാണ് എബ്രായ ലേഖനത്തിലെ ഒരു വിഷയം (5:1 നോക്കുക). പ്രോസ്ഫെരോ എന്ന വാക്ക് ("യാഗം അർപ്പിക്കുക") എബ്രായ ലേഖനത്തിൽ എഴുപതു പ്രാവശ്യം കാണാം.[4] ക്രിസ്തുവിന്റെ യാഗത്തെ കുറിച്ച് പൗലൊസ് കൈകാര്യം ചെയ്യുന്നുണ്ടെങ്കിലും, ഈ വാക്കിന്റെ ക്രിയാ രൂപം അവൻ ഉപയോഗിച്ചിട്ടില്ല. കാരണം, എബ്രായ ലേഖനത്തിൽ മൂന്നു സന്ദർഭങ്ങളിൽ ക്രിസ്തുവിന്റെ പ്രവൃത്തികളെ പറയുന്നുണ്ടെങ്കിലും, ആശയങ്ങളിൽ മുഖ്യമായും പ്രതിപാദിക്കുന്നത് പുരോഹിതന്മാരുടെ പ്രവൃത്തികളാണ് (9:14, 25, 28).

പ്രായശ്ചിത്ത ദിവസം. പുരോഹിതന്മാരും മഹാപുരോഹിതന്മാരും "പാപങ്ങൾക്കുള്ള യാഗവും വഴിപാടും" അർപ്പിക്കും. "വഴിപാടുകൾ" ജീവനില്ലാത്ത വസ്തുക്കളായിരുന്നു (ഇടിച്ചെടുത്ത എണ്ണയും ഭോജന വസ്തുക്ക

ളും); "യാഗങ്ങൾ"ക്ക് മൃഗങ്ങളെയായിരുന്നു ഉപയോഗിച്ചിരുന്നത്-മൃഗങ്ങളെ കൊന്നിരുന്നു.[5] പൗരോഹിത്യത്തിന്റെ സ്വഭാവത്തിൽ ഉൾപ്പെട്ടതായിരുന്നു യാഗങ്ങൾ അർപ്പിക്കുന്നത്, എന്നാൽ യേശു നമ്മുടെ മഹാപുരോഹിതനായി തന്നെത്താനായിരുന്നു യാഗം അർപ്പിച്ചത്.

സുവിശേഷം അറിയിക്കുവാൻ വിളിക്കപ്പെട്ട "പുരോഹിതന്മാർ" ആയ നാം ആ വിധത്തിൽ യാഗം അർപ്പിക്കുകയോ രക്തം തളിക്കുകയോ ചെയ്യുന്നില്ല. പുരോഹിതൻ "കുർബ്ബാന ബലി അർപ്പിക്കുമ്പോൾ" "ഓസ്തി" (അപ്പം) നിയോഗിക്കപ്പെട്ട പുരോഹിതന്റെ വാക്കുകളാൽ അത് "യേശുവിന്റെ തന്നെ" ശരീരമായി മാറുമെന്നാണ് കത്തോലിക്കാ സഭ വിശ്വസിക്കുന്നത്. എങ്ങനെയായാലും, അത്തരം ഉപദേശം തിരുവെഴുത്ത് പഠിപ്പിക്കുന്നില്ല. സുവിശേഷകന്മാർ ദൈവ വചനം പ്രസംഗിക്കുന്നു. അവർ പാപങ്ങൾക്ക് വേണ്ടി യാഗങ്ങൾ അർപ്പിക്കുന്നില്ല, കാരണം ക്രിസ്തു നമുക്ക് വേണ്ടി ഒരിക്കൽ എന്നേക്കുമായി യാഗമായി തീർന്നു.

തങ്ങളുടെ ജഡിക ബലഹീനത നിമിത്തം ആദ്യം തങ്ങളുടെ പാപങ്ങൾക്കും പിന്നെ ജനത്തിന്റെ പാപങ്ങൾക്കും വേണ്ടി അവർ യാഗം കഴിക്കണമായിരുന്നു. മഹാപുരോഹിതന്റെ ശോഭയേറിയ വസ്ത്രധാരണത്തെ കുറിച്ച് പല പുരാതന എഴുത്തുകാരും വിശദമാക്കിയിട്ടുണ്ട്. യഥാർത്ഥത്തിൽ അവന്റെ വസ്ത്രാലങ്കാരം എന്നു പറയുന്നത് അവന്റെ "ബലഹീനതയാണ്."[6] മഹാപുരോഹിതൻ തന്നെ പാപിയായിരിക്കകൊണ്ട്, പുരോഹിതൻ "വഴി തെറ്റിപോയവരോടും അറിവില്ലാത്തവരോടും" മനസലിവ് കാണിക്കണം (വാ. 2).[7] തനിക്കും മനസലിവ് ആവശ്യമായിരിക്കയാൽ അവന്റെ തീരുമാനങ്ങളിൽ കാർക്കശ്യം പാടില്ല. "ശാന്തമായി" എന്നതിനർത്ഥം "മനസലിവുള്ളവൻ" എന്നാണ്. ഇവിടെ ഉപയോഗിച്ച ഗ്രീക്ക് ക്രിയാ *മെട്രിയോപതിയോ* ആണ്, ഗ്രീക്കുകാർക്ക് ഇത്, കോപത്തിനും നിരുൽസാഹത്തിനും ഇടക്കുള്ള വാക്കാണ്-ശരിയായ രീതിയിലുള്ള ഉൽക്കണ്ഠ.

ക്രിസ്തു നമ്മുടെ മഹാപുരോഹിതനാണെങ്കിലും, അവനിൽ ബലഹീനത ഒന്നുമില്ല, അവൻ നമ്മുടെ ബലഹീനതയോട് സഹതാപം കാണിക്കും (4:15; 7:28). "വ്യസന പാത്രമായും, രോഗം ശീലിച്ചവനുമായിരുന്നു" (യെശ. 53:3). എല്ലാ നിലയിലും അവൻ പഴയ നിയമ മഹാപുരോഹിതനേക്കാൾ വലിയവൻ ആണ്, പ്രത്യേകിച്ച് മനസലിവ് കാണിക്കുന്ന കാര്യത്തിൽ. ദൈവശ്വാസിയ എഴുത്തുകാരൻ 2:18 ലും 4:15 ലും ചിത്രീകരിച്ചതുപോലെ, അവൻ അജ്ഞരോട് സൗമ്യമായിട്ടാണ് ഇടപെടുന്നത്.

പഴയ നിയമ മഹാപുരോഹിതന്മാരെ കുറിച്ച് തോമസ് ഹെവിറ്റിന്റെ സമാന്തര പ്രയോഗങ്ങൾ ഇതിനോട് യോജിക്കുന്നു: "അതുകൊണ്ട് അർഹിക്കാത്ത കഠോരത ഉപേക്ഷിക്കേണ്ടത് ആവശ്യമായിരുന്നു; എന്നിട്ടും, ദൈവത്തിന്റെ പ്രതിനിധിയായി, അവന് ദാക്ഷിണ്യം കാണിപ്പാൻ കഴിഞ്ഞില്ല, കാരണം ദൈവം ഒരിക്കലും പാപത്തെ കാണാതിരിക്കുന്നില്ല."[8]

ന്യായപ്രമാണത്തിൽ അറിയാതെ ചെയ്യുന്ന പാപങ്ങൾക്ക് ഇളവ് കൽപിച്ചിരുന്നു. ഒരാൾ താൻ ചെയ്തത് അറിയുന്നില്ലെങ്കിൽ അവനോട് മനസലിവും കാണിച്ചിരുന്നു (ലേവ്യ. 4:1–12; 5:14–16; 15:27–29). എങ്ങനെയായാലും, മനപ്പൂർവ്വം ഒരാൾ മൽസരിച്ച് പാപം ചെയ്താൽ അതിന് വാസ്തവത്തിൽ ഒഴികഴിവ് അനുവദിച്ചിരുന്നില്ല (സംഖ്യ. 14:29–31; 15:30, 31; ഒ വാ; എബ്രാ. 10:26–29 നോക്കുക). അവരുടെ നഷ്ടം തിരിച്ചറിഞ്ഞില്ലെങ്കിൽ, അറി

വില്ലാത്തവരെയും ശിക്ഷിച്ചിരുന്നു (ലൂക്കൊ. 12:47, 48) നോക്കുക. എങ്ങ നെയായാലും, "അറിഞ്ഞും അറിയാതെയും ചെയ്ത പാപങ്ങൾക്ക്" യേശു പ്രായശ്ചിത്തമായി.[9]

"അറിയാതെ" എന്നതിന് യെഹൂദന്മാർ അറിവില്ലാതെ എന്നതിനേക്കാൾ അർത്ഥം കൽപിക്കുന്നു: "അവയിൽ അശ്രദ്ധയോടെ ചെയ്യുന്ന പാപവും അല്ലെങ്കിൽ അവരുടെ പ്രത്യേക പ്രകൃതിക്ക് ബോധമില്ലാതെ ചെയ്യുന്ന പാപ വും ഉൾപ്പെടുന്നു. കൂടാതെ ആളുകൾ വൈകാരികമായി ഒരു നിമിഷത്തെ പരീക്ഷണത്തിലകപ്പെട്ടു ചെയ്യുന്ന പാപവും ഉൾപ്പെടുന്നു."[10]

ഒരു പാപം ചെയ്തത് "അറിയാതെ" ആണോ എന്നത് ദൈവത്തിനു മാത്രമെ നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളു. യേശുക്രിസ്തു ചെയ്ത അത്ഭുതങ്ങളെല്ലാം കണ്ടവരെ സംബന്ധിച്ച് അവൻ പറഞ്ഞത് "പിതാവേ ഇവർ ചെയ്ത[ത്] എന്തെന്ന് അറിയായ്കയാൽ അവരോട് ക്ഷമിക്കേണമേ" എന്നാണ് (ലൂക്കൊ. 23:34), അത് നമുക്ക് മനസിലാക്കുവാൻ പ്രയാസമാണ്. എന്നാൽ തന്നെ ക്രൂശിൽ തറച്ചവരെ "അറിവില്ലാത്തവരുടെ" ഗണത്തിലാണ് യേശു ഉൾപ്പെടുത്തിയത്. അവർക്ക് അപ്പോഴും ദൈവ വഴിയായ പാപമോചനത്തിന് സാധ്യതയുണ്ടായിരുന്നു. സ്വാഭാവികമായും മാനസാന്തരം ആവശ്യമായിരു ന്നു. അവനെ ക്രൂശിച്ചവർ, ഞങ്ങൾ എന്തു ചെയ്യണം?" എന്ന ചോദ്യത്തിന് പത്രൊസ് പറഞ്ഞ മറുപടി അതാണ് (പ്രവൃ. 2:36-38).

അഹരോൻ തനിക്കും ജനത്തിനും വേണ്ടി യാഗങ്ങൾ അർപ്പിക്കണ മായിരുന്നു (ലേവ്യ. 9:7; 16:11, 17). യേശുവിന്റെ ശ്രേഷ്ഠത വെച്ച് അവന്റെ പാപത്തിനു വേണ്ടി യാഗം അർപ്പിക്കേണ്ട ആവശ്യമില്ലായിരുന്നു (എബ്രാ. 5:3; 7:27), കാരണം അവനിൽ പാപം ഒന്നും ഇല്ലായിരുന്നു (1 പത്രൊ. 2:21, 22; യെശ. 53:9 നോക്കുക).

**വാക്യം 4**. ലേഖകൻ തുടരുന്നു, **ദൈവം വിളിക്കുന്നവനല്ലാതെ ആരും ആ സ്ഥാനം സ്വതവെ എടുക്കുന്നില്ല**. ദൈവിക വിളിയാലായിരുന്നു മഹാ പുരോഹിതനെ തിരഞ്ഞെടുത്തിരുന്നത്. ദൈവത്തിന്റെ നിയമനം ക്രിസ്തു സ്വീകരിച്ചു. ആ സ്ഥാനം മനുഷ്യരാലോ അല്ലെങ്കിൽ സ്വതവെയോ എടുത്ത തായിരുന്നില്ല. അവൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനായിരുന്നു.

ആ ചിന്ത പിൽക്കാലത്ത് നിയമ വിരുദ്ധമായി കൈക്കൂലിയും മറ്റും കൊടുത്ത് ആ സ്ഥാനത്തെത്തുവാനും അഴിമതിക്കാരായി തീരുവാനും ഇടയാ യതിനാൽ ദൈവികമായ ശാസന അവർക്ക് നേരിടേണ്ടതായും വന്നു.[11] അത് റോമൻ ഭരണ കാലത്തെ ഹെരോദാവ്മാരുടെ കാലത്തായിരുന്നു. ആരംഭകാ ലത്തെ മഹാപുരോഹിതന്മാർ അങ്ങനെയായിരുന്നില്ല. ദാവീദിന്റെ കാലത്തെ അബിയാഥാരിനെ പോലെയുള്ളവർ വലിയ ധൈര്യവും ആത്മാർത്ഥതയും കാണിച്ചിരുന്നതായി കാണാം (1 ശമു. 23:9-14). പൂർവ്വികനായിരുന്ന അഹരോൻ നല്ല സ്വഭാവത്തിനുടമയും മോശെയോട് നല്ല ബന്ധമുള്ളവനുമായിരുന്നു.

മഹാപുരോഹിതൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട് അംഗീകരിക്കപ്പെ ട്ടാൽ, യോഗ്യതയില്ലാതെ പൗരോഹിത്യ ശുശ്രൂഷക്ക് വരുന്നവരെ ശിക്ഷി ക്കുവാനും ഊന്നൽ കൊടുത്തിരുന്നു. പുരോഹിതന്മാരാകുവാൻ ശ്രമിച്ച മൂന്നു പുരുഷന്മാരെ കർശനമായി ശിക്ഷിച്ചതായി സംഖ്യാപുസ്തകം 16:1-35 പറയുന്നു. സ്വയമായി ശൗൽ "നിർബ്ബന്ധിച്ച്" പൗരോഹിത്യ ശുശ്രൂഷക്ക് തുനിഞ്ഞു (1 ശമു. 13:12), പിന്നീട് അവന് രാജ്യവും തന്റെ ജീവനും നഷ്ടമാ യി. ഉസിയാവ് രാജാവ് ദൈവാലയത്തിൽ ധൂപവർഗം അർപ്പിക്കുവാൻ ശ്രമി

ച്ചു, അവനെ കുഷ്ഠ രോഗത്താൽ ശിക്ഷിച്ചു (2 ദിന. 26:16–21).

ഇന്ന് സഭയിൽ ഉപദേഷ്ടാക്കന്മാരെയും മൂപ്പന്മാരെയും തിരഞ്ഞെടുക്കുന്നതിന് ദൈവത്തിന്റെ "നേരിട്ടുള്ള വിളി" ആവശ്യമില്ല. ചിലർ അവകാശപ്പെടുന്നതുപോലെ "ആന്തരിക വിളിയുടെ തോന്നലും" ആവശ്യമില്ല. അപ്പൊസ്തലന്മാരുടെ കാലത്ത് മൂപ്പന്മാരെയും സുവിശേഷകന്മാരെയും പരിശുദ്ധാത്മാവ് നേരിട്ട് തിരഞ്ഞെടുക്കുകയായിരുന്നു, അതായിരിക്കാം പ്രവൃത്തികൾ 20:28 ൽ പറഞ്ഞിരിക്കുന്നത് (കൂടാതെ പ്രവൃത്തികൾ 6:1–7; 13:1–3 നോക്കുക).[12] മൂപ്പന്മാർക്ക് ആത്മാവ്-നൽകിയ യോഗ്യതകൾ 1 തിമൊഥെയൊസ് 3:1–7 ലും, തിത്തൊസ് 1:5–9 ലും രേഖപ്പെടുത്തിയിരിക്കുന്നു. ആത്മാവ് നൽകിയ യോഗ്യതകൾ ഉള്ളവരെ അത്തരം പ്രവൃത്തികൾക്ക് നിയോഗിച്ചിരുന്നു. അത്തരം പരിശീലനമാണ് ഇന്ന് സഭയിൽ ആവശ്യം.

ഏതൊരു മാനുഷിക മഹാപുരോഹിതനേക്കാളും യേശുവിന്റെ മഹാപൗരോഹിത്യ ശുശ്രൂഷ മികവുള്ളതും ശ്രേഷ്ഠവുമെന്ന് കാണിക്കുവാൻ അവന്റെ പൗരോഹിത്യവും അഹരോന്റെ പൗരോഹിത്യവും തമ്മിൽ താരതമ്യം ചെയ്യേണ്ടത് ആവശ്യമായിരുന്നു. അവൻ നമ്മുടെ മദ്ധ്യസ്ഥനും, സ്വർഗത്തിൽനിന്നു നമ്മോട് സഹതപിക്കുന്നവനും, പാപത്തിനുള്ള നമ്മുടെ അവസാന യാഗത്തിനും, നമ്മുടെ ശുശ്രൂഷക്കുമായി ദൈവം നിയോഗിച്ചവനും ആകുന്നു. നമുക്ക് ഉള്ളതിൽ സന്തോഷിക്കയും വിശ്വാസത്തിൽ നമുക്ക് നല്ല സ്വീകാരം മുറുകെ പിടിക്കുകയും ചെയ്യാം.

**മഹാപുരോഹിതൻ ആകുവാനുള്ള ക്രിസ്തുവിന്റെ യോഗ്യതകൾ (5:5–10)**

**5അവ്വണ്ണം ക്രിസ്തുവും മഹാപുരോഹിതൻ ആകുവാനുള്ള മഹത്വം സ്വതവെ എടുത്തിട്ടില്ല.**

**"നീ എന്റെ പുത്രൻ ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു";**

**എന്ന് അരുളിച്ചെയ്തവൻ അവന്നു കൊടുത്തതത്രെ. 6അങ്ങനെ മറ്റൊരേടത്തും**

**"നീ മൽക്കിസെദേക്കിന്റെ ക്രമപ്രകാരം എന്നേക്കും ഒരു പുരോഹിതൻ" എന്നു പറയുന്നു.**

**7ക്രിസ്തു തന്റെ ഐഹിക കാലത്ത് തന്നെ മരണത്തിൽനിന്നു രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടുംകൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കയും ചെയ്തു. 8പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ 9അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായി തീർന്നു. 10മൽക്കിസെദേക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതൻ എന്നുള്ള നാമം ദൈവത്താൽ ലഭിച്ചുമിരിക്കുന്നു.**

5:5–10 ൽ, ക്രിസ്തുവിന്റെ മാഹാത്മ്യത്തിന്റെ ഉദാത്തമായ ഒരു വിവരണം തിരുവെഴുത്തിൽ വളരെ വിരളമായി കാണുന്ന ഒന്നാണ് അത്. നമുക്ക് അത് വായിച്ച് മനസിരുത്തി മനസിലാക്കുവാൻ ശ്രമിക്കാം.

**വാക്യം 5. ക്രിസ്തു സ്വയം മഹത്വം എടുത്തില്ല** എന്നതാണ് നാം കാണുന്ന ആദ്യത്തെ സത്യം. രാഷ്ട്രീയ സ്വാധീനത്താൽ, പുരോഹിതന്മാരാകുവാൻ ശ്രമിച്ചവരെ നിഗൂഢമായി വിമർശിച്ചുകൊണ്ടായിരിക്കാം ലേഖകൻ

നിലവിലുള്ള അന്നത്തെ വ്യവസ്ഥപ്രകാരം "ക്രിസ്തു സ്വയം മഹത്വം എടു ത്തില്ല" എന്നു പറഞ്ഞത്.

വാക്യം 4 ലും 5 ലും, "മാനവും," "മഹത്വവും" തമ്മിലുള്ള വ്യത്യാസം കാണാം. "മാനം" (വാ. 4) മഹാപുരോഹിതനും, "മഹത്വം" ക്രിസ്തുവിനു മാണ് ലേഖകൻ നൽകിയിരിക്കുന്നത് (വാ. 5). പലപ്പോഴും ആ രണ്ടു വാക്കും പര്യായമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നതെങ്കിലും, "മാനം" എന്ന വാക്കി നേക്കാൾ "മഹത്വം" എന്നത് ഉയർന്നതാണ്. ഒരാൾക്ക് "മാനം" കൊടുക്കുക എന്നതിനേക്കാൾ "മഹത്വം" കൊടുക്കുക എന്നു പറഞ്ഞാൽ ഔന്നത്യത്തെ കാണിക്കുകയാണ്, ക്രിസ്തുവിനെ സംബന്ധിച്ച്, ഉയർത്തിയ നേട്ടത്തെ ആണ് അത് കാണിക്കുന്നത്. രാജകീയ കാപട്യമാണ് യേശു കാണിക്കുന്നതെന്ന് പല യെഹൂദന്മാരും കരുതിയിരുന്നു, പക്ഷെ വിശ്വാസികൾക്ക് അവൻ ദാവീദിന്റെ സന്തതിയായ മശിഹ ആയിരുന്നു.

"ക്രിസ്തു," എന്ന വാക്ക് അല്ലെങ്കിൽ "അഭിഷിക്തൻ" (ക്രിസ്തു) എന്ന് വാക്യം 5 ൽ പറയുന്നത് പ്രത്യേക പദവിയിൽ നിയമിക്കുന്നതാണ്. തീർച്ചയാ യും, ഒറ്റ "അഭിഷിക്തനെ" ആണ് (ക്രിസ്തു) ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്. ചില യെഹൂദന്മാർ രണ്ട് മശിഹമാരെ പ്രതീക്ഷിച്ചു, ഒരാൾ രാജാവായും മറ്റൊരാൾ പുരോഹിതനായും തീരുമെന്നായിരുന്നു അവർ കരുതിയത്.[13] എങ്ങനെയായാ ലും, ക്രിസ്തു രണ്ട് ഉദ്യോഗവും സ്വീകരിച്ച് രാജാവും പുരോഹിതനുമായി.

സങ്കീർത്തനങ്ങൾ 2:7 ഉദ്ധരിച്ചിരിക്കുന്നു–"**നീ എന്റെ പുത്രൻ, ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു**"–എന്നത് എബ്രായർ 1:5 ൽ ഉപയോഗിച്ചത് ക്രിസ്തുവിന്റെ പുത്രത്വത്തെ കാണിക്കുവാനായിരുന്നു. അവൻ ദൈവത്താൽ നിയമിക്കപ്പെട്ട മഹാപുരോഹിതനാണ് എന്നു കാണിക്കുവാൻ 5:5 ലും അത് ഉദ്ധരിച്ചിട്ടുണ്ട്. തന്നെ പിതാവ് മാനിച്ചിരിക്കുന്നു എന്ന് യേശു യോഹന്നാൻ 8:42–ൽ പറഞ്ഞിരിക്കുന്നു. അവൻ സ്വയമായി പുകഴ്ച്ച ആഗ്രഹിച്ചില്ല, സ്വ–മ ഹത്വം ഉയർത്തേണ്ട ആവശ്യവും അവന് ഇല്ലായിരുന്നു. യേശുവിന് തന്റെ മാനവും മഹത്വവും പിടിച്ച് സ്വർഗത്തിൽ തന്നെ കഴിയാമായിരുന്നു, എന്നിട്ടും അവൻ കേവലം മനുഷ്യരൂപം എടുത്ത് ഭൂമിയിലേക്ക് താഴ്ന്നിറങ്ങി വന്നു (ഫിലി. 2:5–11). ആദാമിന് ലൂക്കൊസ് 3:38; ൽ കൊടുത്തതിനേക്കാൾ ഉയർന്ന പുത്രത്വമായിരുന്നു ക്രിസ്തുവിന് നൽകിയത്, കാരണം അവൻ ദൈവത്തിന്റെ പുത്രനായിരുന്നു, എന്നാൽ ആദാം തെറ്റിപ്പോകുവാൻ സാധ്യതയുള്ള മനുഷ്യ നായിരുന്നു. രണ്ടാമത്തവൻ പിന്നീട് പാപം തിരഞ്ഞെടുത്ത് ലോകത്തിലേക്ക് മരണം കൊണ്ടുവന്നു. ഒന്നാമത്തവൻ അനുസരണം തിരഞ്ഞെടുത്തു തന്നെ അനുസരിക്കുന്നവർക്ക് നിത്യജീവൻ നൽകുവാൻ പ്രാപ്തനായി.

**വാക്യം 6**. യേശു പുത്രനാണെന്നു പ്രഖ്യാപിച്ചവൻ തന്നെയാണ്, **അവൻ മൽക്കിസെദേക്കിന്റെ ക്രമപ്രകാരം എന്നേക്കും പുരോഹിതൻ** എന്നു പ്രഖ്യാപിച്ചതും. സങ്കീർത്തനങ്ങൾ 110:4 ന്റെ അടിസ്ഥാനത്തിലുള്ളതാണ് ഈ വാക്യം. എബ്രായ ലേഖനത്തിൽ ഇത് ആദ്യമായാണ് മശിഹയുടെ പൗരോഹിത്യം മൽക്കിസെദേക്കിന്റെ ക്രമപ്രകാരമുള്ളതായിരുന്നു എന്ന് പറഞ്ഞത്. മൽക്കിസെദേക്കിന്റെ ക്രമപ്രകാരമായിരുന്നു ക്രിസ്തുവിനെ തിര ഞ്ഞെടുത്തത്. തന്നെ പുരോഹിതനായി നിയമിക്കുവാൻ അവന് സഭ കൂടേണ്ട ആവശ്യമില്ലായിരുന്നു.

വാക്യം 5 ലും 6 ലും വാസ്തവത്തിൽ സങ്കീർത്തനങ്ങളിലെ മൂന്നു ഉദ്ധ രണികളാണുള്ളത്. സങ്കീർത്തനങ്ങൾ 110:1 പറയുന്നു, "യഹോവ എന്റെ

കർത്താവിനോട് അരുളിച്ചെയ്യുന്നത്: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദ പീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്ത് ഇരിക്ക" എന്നു ഉദ്ധരിച്ചി രിക്കുന്നത് 2:7 നും 110:4 നും ഇടക്ക് ഒരു പാലം പോലെയാണ്. ക്രിസ്തു തേജസ്ക്കരണത്തിലേക്ക് ഉയർത്തപ്പെട്ടു എന്നു പറയുവാനാണ് പ്രാരംഭ സഭ പലപ്പോഴും സങ്കീർത്തനങ്ങൾ 110:1 ഉപയോഗിച്ചിരുന്നത്. എങ്ങനെയായാലും, പ്രത്യേകതയുള്ള പുത്രനും കാത്തിരുന്ന പുരോഹിതനും ഒന്നു തന്നെയാ യിരുന്നു. "അവൻ പറയുന്നു," എന്നതിലെ (വാ. 6) "അവൻ" ദൈവമാണ്, അവൻ എന്നത് ഉദ്ധരിച്ചത് ആധികാരികമായിട്ടായിരുന്നു. സങ്കീർത്തനങ്ങൾ 110 സാധാരണ ഒരു തെളിവായിട്ടായിരുന്നു ക്രിസ്ത്യാനികൾ ഉപയോഗിച്ചിരു ന്നത്, യെഹൂദന്മാർ അതു മശിഹയെ കുറിച്ചുള്ളതാണെന്ന് വിശ്വസിച്ചിരുന്നു.[14] എങ്ങനെയായാലും, "പുത്രനെയും" മൽക്കിസെദേക്കിന്റെ ക്രമപ്രകാരമുള്ള പൗരോഹിത്യത്തെയും തിരിച്ചറിയിക്കുന്നത് ആദ്യമായി എബ്രായ ലേഖകൻ ആണെന്ന് തോന്നുന്നു.[15]

"എന്നേക്കും" എന്ന വാക്ക് പൂർണ്ണതയെ കാണിക്കുന്നു, അതിനെ പരിഷ്ക്കരിക്കാവുന്നതല്ല. അഹരോന്റെ പൗരോഹിത്യത്തിൽ ഒരാൾക്ക് പകരം മറ്റൊരാൾ വന്നിരുന്നതുപോലെ, ക്രിസ്തുവിന്റെ പൗരോഹിത്യത്തിനു പ കരം മറ്റൊരാൾ വരികയില്ല. പഴയനിയമത്തിൽ "എന്നേക്കുമുള്ള" എന്ന വാക്ക് അർത്ഥമാക്കുന്നത് "കാലം ഉള്ളടത്തോളം" എന്നാണ്. പുറപ്പാട് 12:14 സൂചിപ്പി ക്കുന്നത് പെസഹ "എന്നേക്കുമുള്ളതായിട്ടാണ്" (കെജെവി). പിന്നീട്, ശബ്ബത്ത് ആചരിക്കേണ്ടത് "എന്നേക്കും" ആയിരുന്നു (പുറ. 31:16, 17; കെജെവി) അഹ രോന്റെ പൗരോഹിത്യം "എന്നേക്കും" ഉള്ളതായിരുന്നു (കെജെവി) ആ പ്ര യോഗം കൊണ്ട് അർത്ഥമാക്കിയത് അവരുടെ "തലമുറകളോളം" എന്നാണ് (പുറ. 40:15).[16] ക്രിസ്തുവിന്റെ പൗരോഹിത്യം ക്രിസ്തീയ കാലം മുഴുവ നും ഉള്ളതാണ്. പിന്നെ അവൻ രാജ്യം പിതാവിന്ന് ഏൽപിച്ചു കൊടുക്കും. അതിനു ശേഷം, അവൻ തുടർച്ചയായി നമുക്ക് വേണ്ടി പിതാവിനോട് പക്ഷ വാദം ചെയ്യുകയില്ല (1 കൊ. 15:24–28). തീർച്ചയായും, പിന്നീട് ക്രിസ്തുവിന്റെ മഹാപൗരോഹിത്യവും മദ്ധ്യസ്ഥ വാഴ്ച്ചയും ആവശ്യമില്ല. സ്വർഗത്തിൽ പാപം ഇല്ല; അതിനാൽ പാപയാഗമോ യേശുവിന്റെ പക്ഷവാദമോ നമുക്ക് വേണ്ടി ചെയ്യേണ്ട ആവശ്യമില്ല (വെളി. 21:27; എബ്രാ. 7:25).

**വാക്യം** 7. ക്രിസ്തു ഭൂമിയിൽ ആയിരുന്നപ്പോൾ, **ഉറച്ച നിലവിളി യോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും നടത്തി**. അവൻ ശക്തിയോടുകൂടെ പ്രാർത്ഥിച്ചു എന്നതാണ് 5:5–10 ൽ യേശുവിന്റെ മാഹാത്മ്യത്തെ കുറിച്ചു വിവരിച്ച രണ്ടാമത്തെ സത്യം. 4:14–16 ൽ, ക്രിസ്ത്യാ നികളോട് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. വാക്യം 7 ൽ ഏറ്റവും ഉയർന്ന പ്രാർത്ഥനാ മാതൃക കാണാം. ക്രിസ്തു തന്റെ ജീവിതം നമുക്കായി ഏൽപ്പിച്ചുകൊടുത്തു എങ്കിലും, ഈ പ്രാർത്ഥന അവൻ തനിക്കായിട്ടായിരുന്നു നടത്തിയത്. "പാപികളായ നമുക്ക് വേണ്ടി അവൻ ഇപ്പോഴും മനസലിവ് കാണിക്കുകയാണോ?" എന്ന ചോദ്യത്തിനു മറുപടി നൽകി തുടങ്ങുന്നു. "മാംസ രക്തങ്ങൾക്ക്" സ്വർഗത്തിൽ പ്രവേശിപ്പാൻ സാധ്യമല്ല (1 കൊ. 15:50). ഇപ്പോൾ ക്രിസ്തുവിന്റെ തേജസ്ക്കരിക്കപ്പെട്ട ശരീരം ഭൂമിയിലായിരുന്നപ്പോൾ അനുഭവിച്ച ജഡിക ബലഹീനതയിൽനിന്നു സ്വതന്ത്രനായി (ഫിലി. 3:21). എല്ലാ ദുഃഖവും കഷ്ടതയും പിന്നിൽ വിട്ട്–സ്വർഗത്തിലിരിക്കുന്ന ക്രിസ്തു വിന്–എങ്ങനെ നമ്മെ കുറിച്ചു "കരുതുവാൻ" കഴിയും? തോട്ടത്തിൽ വെച്ച്

അവൻ പ്രാർത്ഥിച്ചപ്പോൾ, "അവന്റെ വിയർപ്പ് ചോരത്തുള്ളികൾ പോലെ ഒഴുകിയ സമയത്ത് അനുഭവിച്ച അഗ്നിപരിശോധന സർവ്വവും ഓർമ്മിപ്പിക്കുന്നു" എന്നതാണ് അതിനുള്ള ഉത്തരം (ലൂക്കൊ. 22:44). ഗദ്ശെമന തോട്ടത്തിലെ അവന്റെ വ്യഥയെ കുറിച്ചാണ് വാക്യം 7 പറയുന്നത്, അവിടെ അവൻ സർവ്വലോകത്തിനുമായി മരിക്കുവാൻ തയ്യാറെടുക്കുകയായിരുന്നു. അന്തിമ വേദന അവൻ സഹിച്ചു. അവൻ മനുഷ്യർക്കിടയിൽ മനുഷ്യനായി ജീവിച്ചതിന്റെ ഓർമ്മ നിലനിർത്തിയിരിക്കുന്നു.

"വേദന" (*അഗോനിയ*; 22:44) എന്ന വാക്ക് ഉപയോഗിച്ച് പ്രിയ വൈദ്യനായ ലൂക്കൊസ് ഗദ്ശെമനയിലെ അവന്റെ കഷ്ടതയെ വിവരിച്ചിരിക്കുന്നു. ഇവിടെ മാത്രമാണ് ക്രിസ്തുവിന്റെ അനുഭവത്തിന് "വേദന" എന്ന വാക്ക് ഉപയോഗിച്ചത്; ക്രൂശുമായുള്ള ബന്ധത്തിൽ അത് കാണുന്നില്ല. തോമസ് ഹെവിറ്റ് പറഞ്ഞു, "ലോക രക്ഷിതാവ് ഈ ജീവിതത്തിൽ അനുഭവിച്ച വലിയ വേദനയും മറ്റെല്ലാ കഷ്ടതകളും ഇനി ഒരിക്കലും മർമ്മമായിരിക്കുകയില്ല."[17] ഒരുപക്ഷെ അത് സത്യമായിരിക്കാം, എന്നാൽ തോട്ടത്തിൽ വെച്ച് രാത്രിയിൽ യേശു പ്രാർത്ഥിച്ച പ്രാർത്ഥനയിലെ ചിന്തകൾ ചിലത് നമുക്ക് പരിശോധിക്കാം.

1. യേശു പ്രാർത്ഥിക്കുവാൻ കാരണം ഭയപ്പെട്ട്, ദൈവപദ്ധതിക്ക് തന്നെത്താൻ കീഴ്പ്പെടുത്തുകയായിരുന്നു. തോട്ടത്തിൽ വെച്ച് യേശു ഭയപ്പെട്ടിരുന്നത്, ലജ്ജാകരമായിരുന്നില്ല. അവൻ ഭയപ്പെട്ടതിനാൽ നമ്മോട് കൂടുതൽ സഹതപിക്കുവാൻ കാരണമായി. നമുക്ക് വേണ്ടി അവൻ ആ വേദന സഹിക്കുവാൻ തയ്യാറായതു നമ്മെ സ്പർശിക്കുന്നു. തോട്ടത്തിൽ വെച്ച് അവന്റെ പ്രാർത്ഥനക്ക് ദൈവം മറുപടി നൽകിയെങ്കിലും, മരണത്തിന്റെ "പാനപാത്രം" അവനിൽ നിന്ന് നീങ്ങി പോയില്ല.[18] താൻ അത് "കുടിക്കേണ്ടതാണെന്ന്" അവൻ പത്രൊസിനോട് സൂചിപ്പിച്ചിരുന്നു (യോഹ. 18:11), അവൻ അതിനു തയ്യാറുമായിരുന്നു. എങ്ങനെയായാലും, അവൻ "പ്രാണ വേദനയിൽ" ആയിരുന്നു. അതായത്, മരിക്കത്തക്ക വേദനയിൽ ആയിരുന്നു എന്നർത്ഥം. ഒരു സ്വർഗീയ ദൂതൻ അവനെ ശക്തിപ്പെടുത്തി (മത്താ. 26:38; ലൂക്കൊ. 22:43). ഗദ്ശെമനയിലെ അവന്റെ വേദനയും, മരണത്തിന്റെ "പാനപാത്രം" അവനിൽ നിന്നു നീങ്ങാതിരുന്നതും, നമ്മോട് കൂടുതൽ സഹതപിക്കുവാൻ അവനെ യോഗ്യനാക്കി. കൂടാതെ നമ്മുടെ പ്രാർത്ഥനക്ക് മറുപടി ലഭിക്കാതിരിക്കുകയില്ല എന്ന് അതു വ്യക്തമാക്കുന്നു. നമ്മുടെ പരീക്ഷണങ്ങളുടെ മർമ്മം നമുക്ക് വിശദമാക്കുവാൻ കഴിയാത്തതാണ്.

**ഭയഭക്തി നിമിത്തം അവന് ഉത്തരം ലഭിച്ചു** എന്നാണ് നാം വാക്യം 7-ൽ വായിക്കുന്നത്. "ഭയഭക്തി" എന്നതിന് ചില തർജിമകളിൽ പറയുന്നത് "ഭയം" അല്ലെങ്കിൽ "ദൈവഭയം" എന്നാണ് (ഏഎസ്‌വി). സാധാരണയുള്ള *ഫോബോസ്* എന്ന വാക്കല്ല ഇവിടെ ഉപയോഗിച്ചിരിക്കുന്നത്, മറിച്ച് *യൂലാബെയിയാ* ആണ്, പുതിയ നിയമത്തിൽ എബ്രായ ലേഖനത്തിൽ മാത്രമാണ് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. (12:28 നോക്കുക, അവിടെ "ഭയങ്കരം" എന്ന വാക്കാണ് കൊടുത്തിരിക്കുന്നത്.)

മരണത്തെ കുറിച്ചുള്ള ഭയം മാത്രമായിരുന്നില്ല, ദൈവഭക്തിയോടുകൂടിയ ഭയമായിരുന്നു അവന്റേത്. അത് വെറും ഭയമായിരുന്നു എങ്കിൽ, വേറെ എത്രയോ വിശുദ്ധന്മാർ അവനേക്കാൾ ധൈര്യത്തോടുകൂടെ മരിച്ചിരുന്നതായി നമുക്ക് അറിയാം. ക്രിസ്തുവിന്റേത് "ഭയഭക്തിയോടുകൂടിയത്" ആയിരുന്നു. അതിൽ തന്റെ പിതാവിന്ന് അവൻ പൂർണ്ണമായി കീഴ്പ്പെടുകയായിരുന്നു.

ആ വാക്ക് "ഉൽക്കണ്ഠ" എന്നും തർജിമ ചെയ്യാം. ജെയിംസ് തോംസൺ എഴുതി, "ഉൽക്കണ്ഠയുടെ അർത്ഥത്തിൽ ആ പ്രസ്താവന മനസിലാക്കുകയാണെങ്കിൽ, അവന്റെ മരണ ഭയം നിമിത്തമുള്ള പ്രാർത്ഥനക്ക് മറുപടി കിട്ടിയപ്പോൾ, അവന് ഭയത്തെ അതിജീവിക്കുവാൻ കഴിഞ്ഞു."[19] റേയ്മണ്ട് നിരീക്ഷിച്ചത് ഇങ്ങനെയാണ്, "വ്യാകരണപ്രകാരം വാക്യം 7 തർജിമ ചെയ്യുവാൻ സാധ്യമാണ്: '... അവൻ ഭയത്തിൽനിന്നു മുക്തനായതായി കേട്ടു' "[20] അങ്ങനെ മനസിലാക്കിയാൽ, പൗലൊസ് ഫിലിപ്പിയർ 4:4-7 ൽ പഠിപ്പിച്ചതുപോലെ, ആ തികഞ്ഞ ചിത്രീകരണം നമുക്കും ഉൽക്കണ്ഠ നേരിട്ടാൽ അതു നീങ്ങി പോകുമെന്ന് ഉറപ്പിക്കാം. അവനിൽ നിറഞ്ഞിരുന്ന താൽക്കാലിക വിചാരം പിതാവായ ദൈവത്തിൽ ഭരമേൽപിച്ചപ്പോൾ നീങ്ങപ്പെട്ടു.

പാപ ഭാരം വഹിച്ചുകൊണ്ട് മരിക്കുക എന്നത് വലിയ ഉത്തരവാദിത്തമാണ്, മനുഷ്യവർഗത്തിനു വേണ്ടി അവൻ അതായിരുന്നു ചെയ്തത്. മനുഷ്യരൂപത്തിലായിരുന്ന-കർത്താവിനു പോലും-അതിരുകവിഞ്ഞ പ്രവൃത്തിയായിരുന്നു. പരീക്ഷണങ്ങളെയും പരിശോധനകളെയും നേരിടുന്നതായിരുന്നു ക്രൂശിൽ എത്തുന്നതിനു മുൻപ് തോട്ടത്തിൽ വെച്ച് അവൻ അനുഭവിച്ചത്.

ക്രൂശിനു മുൻപ് മരണത്തെ കുറിച്ചുള്ള അവന്റെ "ഭയം" പാപമോചനത്തിനായി ക്രൂശിൽ യാഗമായി പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതിനിടയാക്കി. മത്തായി 26:38 ൽ അവൻ പറഞ്ഞു, "എന്റെ ഉള്ളം മരണ വേദന പോലെ അതി ദുഃഖിതമായിരിക്കുന്നു." തന്റെ അവസ്ഥ യേശു നന്നായി മനസിലാക്കുകയും, അത് നിലനിർത്തുവാനുള്ള സഹായത്തിനായി പിതാവിനോട് അപേക്ഷിക്കുകയും ചെയ്തു.

2. മറ്റുള്ളവരെ കുറിച്ചുള്ള കരുതൽ നിമിത്തമായിരുന്നു, യേശു തനിച്ചായപ്പോൾ പ്രാർത്ഥിച്ചത്. പിതാവിനാൽ തനിയെ ക്രൂശിന്റെ പരീക്ഷണം അവന് അതിജീവിക്കുവാൻ കഴിയുമായിരുന്നു (മർ. 15:34; ഉദ്ധരിച്ചത് സങ്കീർത്തനങ്ങൾ 22:1). വേദനയെല്ലാം നിലവിളിക്കാതെ സഹിക്കുകയായിരുന്നു-ചുരുങ്ങിയത് അത്തരം നിലവിളി രേഖപ്പെടുത്തിയിട്ടില്ല എന്നു നമുക്ക് അറിയാം. പകരം മറ്റുള്ളവരുടെ ആവശ്യങ്ങളെ അവൻ കരുതുന്നത് പ്രകടമാക്കുകയായിരുന്നു. മരിക്കുവാനിരിക്കുന്ന കള്ളന്റെ അപേക്ഷ അവൻ സ്വീകരിച്ചശേഷം പിന്നെ പറഞ്ഞത്, "പിതാവേ, ഇവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ" (ലൂക്കൊ. 23:34, 43).

നാമും വിശ്വാസത്താലും പ്രാർത്ഥനയാലും നമ്മുടെ ആകുലതകൾ ദൈവം തന്റെ സമയത്ത് നീക്കുന്നതിനായി ദൈവത്തിൽ ഏൽപിക്കണം. എല്ലാ മനുഷ്യരുടേയും ജീവിതത്തിന്റെ ഭാഗമാണ് കഷ്ടത. മരുഭൂമിയിൽ വെച്ച് തന്റെ വിശപ്പ് അടക്കുവാൻ പരീക്ഷിക്കപ്പെട്ടപ്പോൾ, യേശു അത്ഭുതമൊന്നും ചെയ്ത് അത് ശമിപ്പിച്ചില്ല, തന്നെ ക്രൂശിലേറ്റുവാൻ ശ്രമിച്ചവരുടെ കൈകളിൽനിന്ന് ദൂതന്മാരെ വിളിച്ച് വിടുവിക്കുവാൻ ശ്രമിച്ചതുമില്ല.

3. യേശുവിന്റെ പ്രാർത്ഥനക്ക് മറുപടി ലഭിച്ചപ്പോൾ അവൻ ശക്തിപ്പെട്ടു. അവൻ ശക്തമായി വിളിച്ചപേക്ഷിച്ചത് "കേട്ടു." യെരുശലേമിനെ ഓർത്ത് യേശു പലപ്പോഴും കരഞ്ഞു (ലൂക്കൊ. 19:41). അവനെ മരിച്ചവരിൽനിന്നും ഉയർപ്പിക്കുവാൻ കഴിയും എന്നറിഞ്ഞിട്ടും, യേശു ലാസറിന്റെ കല്ലറക്കൽ ചെന്ന് കരഞ്ഞു (യോഹ. 11:35). നമ്മുടെ പ്രകൃതം യേശുവിന് അറിയാം എന്നതിന്റെ തെളിവായിരുന്നു യേശു തോട്ടത്തിൽ വെച്ച് കരഞ്ഞത്. അവന്റെ കരച്ചിൽ ശക്തിയുള്ളതായിരുന്നു. തന്റെ ശരീരത്തിൽ മനുഷ്യവർഗത്തിനായി

ക്രൂശിൽ കഷ്ടതയേറ്റു മരിപ്പാൻ അവന്റെ പ്രാർത്ഥനക്ക് മറുപടി ലഭിച്ചപ്പോൾ അവനെ ശക്തീകരിച്ചു (2 കൊ. 5:19–21).

യേശു പ്രാർത്ഥിച്ചപ്പോൾ, സഹായത്തിനായി ദൂതന്മാരെ അയച്ചു ശക്തീകരിച്ചത്, അവന്റെ പ്രാർത്ഥന ദൈവം കേട്ടു എന്നതിന്റെ തെളിവാണ്, അങ്ങനെ അവന്റെ ഭയം അല്ലെങ്കിൽ ആകുലത തരണം ചെയ്യുവാൻ അവന് കഴിഞ്ഞു. പിന്നെ അവൻ നമുക്കായി സ്വയം ക്രൂശിലേക്ക് പോയി. "കേട്ടു" എന്നത് അവന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിച്ചു എന്നു സൂചിപ്പിക്കുന്നു.[21] ദൂതൻ ആദ്യം വരികയും (ലൂക്കൊ. 22:43), ഉടനെ ആദ്യ യാചനയ്ക്ക് ശേഷം പ്രാർത്ഥനയിൽ അവന്റെ വിയർപ്പ് ചോരത്തുള്ളികൾ പോലെ വീഴുവാൻ തുടങ്ങി (ലൂക്കൊ. 22:44). മർക്കൊസ് ആ സാഹചര്യത്തെ വിവരിക്കുന്നത് "പ്രാണവേദനയും, ഉള്ളം കലങ്ങിയും ഇരുന്നു" എന്നാണ് (മർ. 14:33). എൻഈബി പറയുന്നത്, "എന്റെ ഉള്ളം ദു:ഖത്താൽ ഹൃദയഭേദകമായി തീർന്നു," എന്നാണ്. ഇത് സങ്കീർത്തനങ്ങൾ 69:20 ന്റെ അക്ഷരീകമായ തർജിമയാണെന്ന് തോന്നുന്നു: "നിന്ദ എന്റെ ഹൃദയത്തെ തകർത്തു." സങ്കീർത്തനങ്ങൾ 69:21, "കയ്പ്പ്" "ചൊറുക്ക," എന്നിവ സുവിശേഷങ്ങളിൽ പറയുന്ന പ്രവചന നിവർത്തീകരണമാണ്, പിന്നെ അതേ പോലുള്ള വാക്യം 20 മനസ്സിലാക്കുവാൻ പ്രയാസം നേരിടുന്നത് എന്തുകൊണ്ട്? ഗദ്ശെമനയിൽ വച്ച് യേശുവിന്റെ ഹൃദയം നുറുങ്ങിത്തന്നെ ക്രൂശിലേക്ക് പോകാമായിരുന്നു. ഗോൽഗോഥായിലേക്ക് ക്രൂശു ചുമന്ന് പോകുന്ന വഴി അവൻ അതിന്റെ കനം നിമിത്തം വീണു പോയതിൽ അതിയശിക്കാനില്ല! അവനോട് കൂടെ ക്രൂശിക്കപ്പെട്ട കള്ളൻമാർ മരിക്കുന്നതിന് മുൻപ് അവൻ മരിച്ചു പോയതിൽ അതിശയിക്കാനില്ല! അവന്റെ ഇപ്പോഴത്തെ ദുർബലത പടയാളികളെയും ജനക്കൂട്ടത്തെയും പ്രകോപിപ്പിച്ചത് കൂടുതൽ പരിഹാസ്യമാക്കി; ദുർബ്ബലൻ എങ്ങനെ രാജാവാകും എന്നതായിരുന്നു അവരുടെ ചിന്ത! തോട്ടത്തിൽ വച്ചുള്ള അവന്റെ പ്രാർത്ഥനയും യാചനയും അവനെ ശക്തീകരിച്ചതിനാൽ, യേശുവിന് ആ രാത്രിയിൽ നേരിട്ട പരീക്ഷണങ്ങളെയും, അടുത്ത ദിവസത്തെ ലജ്ജയും പരാതി കൂടാതെ സഹിക്കുവാൻ കഴിഞ്ഞു. തീർച്ചയായും, അവനോട് സംഭാഷണം നടത്തിയവർക്ക് വേണ്ടിയും അവൻ പ്രാർത്ഥിച്ചു! "സകലബുദ്ധിയേയും കവിയുന്ന സമാധാനം" അവന് തോട്ടത്തിൽ വച്ച് പുതുക്കി ലഭിച്ചു. അവൻ യഹൂദയെയും സംഘത്തെയും ധൈര്യമായി നേരിട്ടു.

ക്രൂശിനെ നേരിടുവാനുള്ള ഒരുക്കത്തിൽ യേശു എന്താണ് സഹിച്ചത്? റെയ്സി. സ്റ്റെഡ്മാൻ അതിനെ നന്നായി വിവരിച്ചിരിക്കുന്നു:

> ലേഖകൻ അന്തർലീനമാക്കിയിരിക്കുന്നത്, യേശു നേരിട്ടത് പാപം പുറപ്പെടുവിക്കുന്ന വൈകാരികമായ ദു:ഖത്തെയാണ്: അതിന്റെ ലജ്ജ, കുറ്റം, നിരാശ എന്നിവയാണ്. പാപത്തിന്റെ അടിമത്വത്തിലാക്കുവാനുള്ള ശക്തി അവൻ മനസ്സിലാക്കിയിരുന്നു. പ്രത്യാശയില്ലായ്മയാലുള്ള എതിർപ്പ് അവൻ നേരിട്ടു, പൂർണ്ണമായ നിരുത്സാഹവും പരാജയവുമായിരുന്നു അവരുടെ ഫലം. പിതാവ് ക്രൂശിൽ അവനെ ഉപേക്ഷിക്കുവാനിരുന്ന ഒരു നിമിഷത്തിനായി അവൻ കാത്തിരുന്നു. കാരണം അവൻ സർവ്വലോകത്തിന്റെയും പാപം തന്റേതെന്ന പോലെ അവൻ വഹിക്കുകയായിരുന്നു. ആ ഒരു ചിന്തയാണ് ചക്കിലിട്ട് ആട്ടുന്നത് പോലെ അവന്റെ ഹൃദയം കലങ്ങിമറിഞ്ഞത്.[22]

യേശുക്രിസ്തു അനുഭവിച്ച വേദനയുടെ ആഴം നമുക്കു ഊഹിക്കുവാൻ മാത്രമേ കഴിയുകയുള്ളു. തോട്ടത്തിൽ വച്ച് അനുഭവിച്ച വ്യഥ, മരിക്കുന്നതിന് മുൻപ് തന്നെ അവൻ അനുഭവിച്ചിരുന്നു, കാരണം അവൻ "ഭയഭക്തിയോടെ കീഴ്പ്പെട്ടു" (വാ. 7; എൻഐവി). പിതാവിന്റെ പദ്ധതിയ്ക്ക് പൂർണ്ണമായി കീഴ്പ്പെടുവാൻ മനസ്സു കാണിച്ചതിനാൽ അവന്റെ പ്രാർത്ഥനയ്ക്ക് മറുപടി ലഭിച്ചു. അവന്റെ ഉറച്ച നിലവിളിയിൽ-മനസ്സലിയാത്ത സ്നേഹമുള്ള പിതാവ് കാണുകയില്ല. അവന്റെ പ്രാർത്ഥനയ്ക്ക് "ഉവ്വ്" എന്ന മറുപടിയാണ് ലഭിച്ചത്. അവനെ സംരക്ഷിക്കുവാൻ പന്ത്രണ്ടിലധികം ലഗ്യോൻ ദൂതന്മാരെ അവന് വിളിക്കുവാൻ കഴിയുമായിരുന്നു, പക്ഷെ തിരുവെഴുത്ത് നിറവേറണമായിരുന്നു (മത്താ.26:53, 54; ലൂക്കൊ. 24:44–48 നോക്കുക). ആ പൂർണ്ണമായ അറിവോടെയാണ് അവൻ ക്രൂശിലേക്ക് പോയത്.

4. ക്രിസ്തു പ്രാർത്ഥിച്ചത് പോലെ നാം പ്രാർത്ഥിക്കുമ്പോൾ, നമുക്ക് ഉത്തരം ലഭിക്കും. യേശുവിന്റെ "ഉറച്ച നിലവിളിക്ക്" ഉത്തരം ലഭിച്ചു. നാമും, അനുസരണം കഷ്ടത മുഖാന്തരം പഠിച്ച് കണ്ണുനീരോടു കൂടെ പ്രാർത്ഥിക്കുമ്പോൾ ദൈവം കേൾക്കുമെന്നാണോ പറയുന്നത്? മറ്റുള്ളതിനേക്കാൾ ശക്തി കണ്ണുനീരിന് ഉണ്ട്-ക്രമേണ, ദൈവ മുൻപാകെ പോലും. ഒരു യഹൂദ പഴഞ്ചൊല്ല് ബി. എഫ്. വെസ്റ്റ്കോട്ട് ഉദ്ധരിച്ചു പറയുന്നു: "കണ്ണുനീർ കടക്കാത്ത വാതിലുകളില്ല."[23] അത് എല്ലാ വീടുകളിലും കാണാം, ദൈവം അവയെല്ലാം കേൾക്കും. ഓരോ വെല്ലുവിളിയും നമുക്ക് തുല്യമായി തോന്നിയേക്കാം, എന്നാൽ നാം ദൈവത്തോട് അപേക്ഷിക്കുമ്പോൾ ദൈവകൃപയാൽ അത് കേൾക്കുന്നു. നാം മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ, ആഴത്തിലുള്ള ദു:ഖം പോലും ദൈവം കേട്ട് മറുപടി നൽകും.

കർത്താവ് പോലും തന്റെ അമാനുഷിക ശക്തിയാൽ മരണത്തെ നീക്കം ചെയ്യാതിരുന്നതിനാൽ, നമ്മുടെ മരണവും അത്ഭുതകരമായി വിടുവിക്കണമെന്ന് നാം പ്രതീക്ഷിക്കരുത്! ദൈവം മനുഷ്യരെ നീതികരിക്കുന്നതും രക്ഷിക്കുന്നതും ക്രിസ്തു നമുക്കു വേണ്ടി ചെയ്ത പ്രവർത്തികളാകാം. യേശുവിന്റെ സ്വയമായ കീഴടങ്ങൽ കാരണം ലഭിക്കുന്ന മഹത്തായ സംഭവങ്ങളുടെ ചുരുക്കമാണിത്:

> മരണത്തിൻമേലും കല്ലറമേലും ഉള്ള വിജയവും ക്രിസ്തുവിന്റെ പ്രായശ്ചിത്തവും കാരണം, നാം ഒരിക്കലും പാപത്തിന്റെ കഠിന ശിക്ഷയും ശാപവും അനുഭവിക്കുന്നില്ല. ന്യായവിധിയുടെ പിഴ, അല്ലെങ്കിൽ നിത്യ മരണത്തിന്റെ നരകാവസ്ഥയാണ് പിന്നീടുണ്ടാകുന്നത്. നമ്മുടെ മഹാപുരോഹിതനായ യേശു ചെയ്ത പ്രവർത്തികളാലാണ് നാം അപരാധികളല്ലെന്ന് വിധിക്കപ്പെടുവാൻ കാരണം.[24]

**വാക്യം 8.** യേശുവിന്റെ മാഹാത്മ്യത്തെ 5:5–10 ൽ വിവരിക്കുന്ന മൂന്നാമത്തെ സത്യം **അവൻ പുത്രനായിരുന്നു എങ്കിലും അനുസരണം പഠിച്ചു** തികഞ്ഞവനായി തീർന്നു എന്നതാണ്. ക്രിസ്തു അനുസരണം പഠിക്കേണ്ടിയിരുന്നു എന്നത് അസാധരണമായി തോന്നാം! അതിനർത്ഥം, അവനെപ്പോഴെങ്കിലും മത്സരം ഉള്ളവനായിരുന്നു എന്നല്ല. ബാലനായിരുന്നപ്പോൾ പോലും അവൻ എല്ലാ വഴികളിലും കീഴ്പ്പെട്ടിരുന്നു (ലൂക്കൊ. 2:51). അവൻ പറഞ്ഞു, "എന്റെ പിതാവിന്റെ പ്രവൃത്തികൾ തികയ്ക്കുന്നതത്രേ എന്റെ ആഹാരം" (യോഹ.

4:34), അവൻ പിതാവിനോട് പ്രാർത്ഥിച്ചു, “ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി നീ എനിക്കു ചെയ്‌വാൻ തന്ന പ്രവൃത്തി തികച്ചിരിക്കുന്നു” (യോഹ. 17:4). അവൻ എല്ലായ്പ്പോഴും അനുസരണമുള്ളവനും സ്വർഗ്ഗസ്ഥ പിതാവിന്റെ ഇഷ്ടം മാത്രം ചെയ്യുന്നവനുമായിരുന്നു. അപ്പോൾ, പിന്നെ എന്തുകൊണ്ട്, അവൻ അനുസരണം പഠിക്കേണ്ടിയിരുന്നു?

ഡബ്ളിയു. എച്ച്. ഗ്രിഫ്ഫിത്ത് തോമസ് പറഞ്ഞു, “ഇതാണ് സദാചാരവും നിരപരാധിത്വവും തമ്മിലുള്ള വ്യത്യാസം, നിരപരാധിത്വം പരിശോധിച്ച് വിജയിക്കുന്നതാണ് സദാചാരം.”[25] എല്ലായിപ്പോഴും അനുസരിക്കാനുള്ള മനോഭാവമായിരുന്നു യേശുക്രിസ്തുവിന് ഉണ്ടായിരുന്നത്, എന്നാൽ അനുസരണ *സദാചാരം* ഉണ്ടാവുക എന്നത്, പരിശോധിക്കേണ്ടത് ആവശ്യമായിരുന്നു.ക്രിസ്തുവിന്റെ അനുസരണം “ക്രിസ്തുവിന്റെ മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ ആയിരുന്നു” (ഫിലി. 2:8).

അല്പം വ്യത്യാസമുള്ള ഒരു കാഴ്ചപ്പാടാണ് ഇത്:

> ദൈവത്തെ അനുസരിക്കുന്നതിൽ എന്തെല്ലാം ഉൾപ്പെടുമെന്ന് യേശു പഠിക്കേണ്ടിയിരുന്നു, ഭൂമിയിലുള്ള മനുഷ്യ ജീവിതത്തിലെ നിബന്ധനകളെല്ലാം പരിശീലിക്കുവാൻ അവൻ പഠിക്കണമായിരുന്നു. മത്തായി 26:53 പരിഗണിച്ച് യേശുവിന്റെ അനുസരണത്തിൽ എന്തെല്ലാം ഉൾപ്പെട്ടിരുന്നുവോ അതെല്ലാം അവൻ ശീലിച്ച് കൊണ്ടാണ് അനുസരിച്ചത്.[26]

ക്രൂശിൽ നിന്ന് അവനെ വിടുവിക്കുവാൻ പന്ത്രണ്ട് ലെഗ്യോൻ ദൂതന്മാരെ അവന് വിളിക്കാമായിരുന്നു, എന്നാൽ അത് തന്റെ പിതാവിന്റെ ഇഷ്ടത്തിന് വിരുദ്ധമാകുമായിരുന്നു. അവൻ പിതാവിന് കീഴ്പ്പെട്ട തേജസ്സ് ഗദ്ശെമനയിൽ വച്ച് പ്രകടമാക്കി, അവിടെ അവന്റെ പൂർണ്ണമായ അനുസരണം കാണാം.

**അവൻ കഷ്ടതയിൽ നിന്നാണ്** “അനുസരണം പഠിച്ചത്.” തന്റെ ശത്രുക്കളാൽ ക്രൂശിൽ വച്ച് പരിഹാസവും വേദനയും ഏറെ യേശു സഹിച്ചു. എബ്രായ ലേഖകന്റെ മനസ്സിൽ യെശയ്യാവ് 50:4, 5 ആയിരിക്കാം ഉണ്ടായിരുന്നത്:

> തളർന്നിരിക്കുന്നവനെ വാക്കു കൊണ്ടു താങ്ങുവാൻ അറിയേണ്ടതിനു യഹോവയായ കർത്താവു എനിക്ക് ശിഷ്യന്മാരുടെ നാവ് തന്നിരിക്കുന്നു; അവൻ രാവിലെ തോറും ഉണർത്തുന്നു. ശിഷ്യന്മാരെപ്പോലെ കേൾക്കേണ്ടതിന് അവൻ എന്റെ ചെവി ഉണർത്തുന്നു. യഹോവയായ കർത്താവ് എന്റെ ചെവി തുറന്നു; ഞാനോ മറുത്തു നിന്നില്ല; പിന്തിരിഞ്ഞതുമില്ല.

“പുത്രൻ” കഷ്ടം സഹിക്കേണ്ടി വന്നു എങ്കിൽ ദൈവത്തിന്റെ “മക്കൾ” ആയ നമുക്കും കഷ്ടം പ്രതീക്ഷിക്കാം (എബ്രാ. 12:5–11).[27]

**വാക്യം 9**. അനുസരണം പഠിച്ച് യേശു തികഞ്ഞവനായി, അല്ലെങ്കിൽ പൗരോഹിത്യത്തിനാവശ്യമായ എല്ലാ ഗുണങ്ങളും,“പൂർണ്ണമായി” കാണപ്പെടുന്നു. “തികഞ്ഞവൻ” എന്ന വാക്ക്, ആ സമയത്ത് അവൻ ധാർമ്മികമായി തികവുള്ളവൻ എന്നല്ല അർത്ഥമാക്കുന്നത്, മറിച്ച് കഷ്ടത സഹിക്കുവാനുള്ള അവന്റെ തികഞ്ഞ താഴ്മയെയാണ് കാണിക്കുന്നത്. നമ്മുടെ രക്ഷകനാകുവാനുള്ള[28] “മുഴുവൻ യോഗ്യതയും” അവൻ നേടി.[29] മാനുഷികമായ സ്വഭാവങ്ങളെല്ലാം ക്രിസ്തുവിനുണ്ടായിരുന്നു, എന്നാൽ മനുഷ്യവർഗ്ഗത്തിന് വേണ്ടി

ദൈവേഷ്ടത്തിന് അവൻ പൂർണ്ണമായി കീഴ്പ്പെട്ടു. അതുകൊണ്ട് അവൻ കഷ്ടതയുടെ ഫലമായി "തികഞ്ഞ" അനുസരണമുള്ളവനായി തീർന്നു. ഇപ്പോൾ അവൻ പിതാവിന്റെ വലത്തു ഭാഗത്തു ഇരുന്നു വാഴുന്നു. മഹാ പുരോഹിതൻ എന്ന നിലയിൽ "അടിസ്ഥാനപരമായി യേശു കഷ്ടം സഹിക്കണമായിരുന്നു (ഒ വാ. 2:17; 4:14) അത് മനുഷ്യരുടെ ഗുണത്തിന് വേണ്ടി ആയിരുന്നു ..."[30]

എങ്ങനെയായാലും തന്നെ അനുസരിക്കുന്നവരെ മാത്രമാണ് അവൻ രക്ഷിക്കുന്നത്. ഇവിടെ സാർവ്വ ലൗകീക രക്ഷയെ കുറിച്ച് സൂചന ഇല്ല; വാസ്തവത്തിൽ, ആ ആശയത്തെ ഇല്ലാതാക്കുന്നതാണ് ഈ വാക്യം. നാം രക്ഷിക്കപ്പെടുവാൻ സുവിശേഷം അനുസരിക്കണം (1 പത്രൊ. 4:17; 2 തെസ്സ. 1:7–9). ക്രിസ്ത്യാനി പിതാവിന്റെ ഇഷ്ടം തുടർച്ചയായി അനുസരിക്കണം. (മത്താ. 7:21). "കൃപ ലഭിക്കുവാൻ അനുസരണം ആവശ്യമില്ല, എന്നാൽ അത് വിശ്വാസ യാത്രയുടെ സവിശേഷത മാത്രമാണ്," എന്ന് പല വ്യാഖ്യാതാക്കളും പറയുന്നത് ഖേദകരമാണ്.[31] അത് എബ്രായ ലേഖകൻ പറഞ്ഞതിന് നേരെ വിപരീതമല്ലേ? തീർച്ചയായും, വിശ്വസിക്കുന്നവരിൽ അനുസരണം അനിവാര്യമാണ്, അപ്പോഴാണ് അനുസരിക്കുന്നവരെ ക്രിസ്തു രക്ഷിക്കുന്നത്! ക്രിസ്തു അനുസരിച്ചത് പോലെ ദൈവത്തിന്റെ കല്പനകൾ എല്ലാം നാം അനുസരിക്കണം, അത് നമുക്ക് ഇഷ്ടമായാലും, മനസ്സിലായാലും ഇല്ലെങ്കിലും.

ദൈവ-മനുഷ്യനായ ക്രിസ്തു മാത്രമാണ് ലോകത്തിന് രക്ഷ സാധ്യമാക്കിയത്. അവൻ **നിത്യ രക്ഷയുടെ കാരണഭൂതൻ** [ഏയ്റ്റിയോസ്] ആകുന്നു. ആ വാക്കിന് "മുമ്പേ പോകുന്നവൻ" അഥവാ മറ്റുള്ളവർക്ക് പിന്തുടരുവാൻ വഴിയൊരുക്കുന്നവൻ എന്നും അർത്ഥം വരാം. യേശു അതാണ് ചെയ്തത്.[32] രക്ഷ മറ്റൊരുത്തനിലും കാണുന്നില്ല (പ്രവൃ. 4:12).

അനുസരണത്താലാണ് രക്ഷ ലഭിക്കുന്നത് എന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ പിന്നെ, സുവിശേഷം അനുസരിക്കാത്തവർക്ക് എന്ത് ഭവിക്കും? 1 പത്രൊസ് 4:17 ൽ ഒരു ചോദ്യം ചോദിക്കുന്നു. ആ ചോദ്യത്തിനുള്ള ഉത്തരം വ്യക്തമാണ്, പൗലൊസ് 2 തെസ്സലൊനിക്യർ 1:8–10: ൽ ഉത്തരം നൽകിയിരിക്കുന്നു: സുവിശേഷം അനുസരിക്കാത്തവരോട്, ദൈവം "പകരം വീട്ടും." ദൈവത്തെ അനുസരിക്കണമെന്ന് വെറുതെ പറയുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നവർക്കുള്ളതല്ല രക്ഷ (മത്താ. 7:21–23). മനസ്സോടെയുള്ള കീഴ്പ്പെടലും അനുസരണവും ഉടനെ വന്നിരിക്കയില്ല, ചിലർ അങ്ങനെ അവകാശപ്പെടുന്നുണ്ടെങ്കിലും; ക്രമേണ ആത്മീയ വളർച്ച പ്രാപിക്കുമ്പോഴാണ് അത് സംഭവിക്കുന്നത് (2 പത്രൊ. 1:5–11). തുടർച്ചയായ അനുസരണം കാഴ്ച്ച വെക്കുന്നതാണ് യേശുവിന്റെ ജീവിതം. പ്രതിസന്ധി ഘട്ടത്തിലാണ്, ഒരാളുടെ ജീവിതത്തിൽ പെട്ടെന്ന് ഒരു മാറ്റം സംഭവിക്കുന്നത്, എന്നാൽ യേശു നേടിയെടുത്തത് നാമും നേടിയെടുക്കുവാൻ നമുക്കും, തുടർച്ചയായ അനുസരണം ആവശ്യമാണ്.[33]

**വാക്യം 10.** 5:5–10 വിവരിക്കുന്ന ക്രിസ്തുവിന്റെ മാഹാത്മ്യത്തിന്റെ നാലാമത്തെ സത്യം **മഹാപുരോഹിതനായി ദൈവത്താൽ നിയോഗിക്കപ്പെട്ടു** എന്നതാണ്. **മൽക്കിസെദേക്കി**[ന്റെ] ക്രമപ്രകാരമുള്ള പൗരോഹിത്യത്തിലേക്ക് ലേഖകൻ മടങ്ങി വന്നിരിക്കുന്നു, അത് വാക്യം 6 ൽ പരിചയപ്പെടുത്തിയതാണ് വീണ്ടും ലേഖകൻ സങ്കീർത്തനങ്ങൾ 110 ൽ പറയുന്നു, അത് 1:3, 13; 6:20; 7:3; 8:1; 10:12, 13 ലും ഉദ്ധരിച്ചിരിക്കുന്നു, എബ്രായ ലേഖനത്തിന് ഒരു മദ്ധ്യഭാഗമുണ്ടെങ്കിൽ, അത് സങ്കീർത്തനം 110:1 ഉദ്ധരിച്ചതായിരിക്കും, അവിടെ പറയുന്നത്, "നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം നീ എന്റെ വലത്തു

ഭാഗത്ത് ഇരിക്ക ...” എന്നാണ്.

മഹാപുരോഹിതൻ എന്ന നാമം ദൈവത്താൽ “ലഭിച്ചു” (*പ്രോസാഗോരെയിയോ*). “ലഭിച്ചു” എന്നത് പുതിയ നിയമത്തിൽ ഇവിടെ മാത്രം ഉപയോഗിച്ചിരിക്കുന്ന മറ്റൊരു വാക്കാണ്. അത് ദൈവത്തിനു മാത്രം ചെയ്യുവാൻ കഴിയുന്ന “അറിയിപ്പാണ്,” അല്ലെങ്കിൽ “പ്രഖ്യാപനമാണ്.” പുരോഹിതന്മാരെ ദൈവമാണ് നിയോഗിക്കേണ്ടിയിരുന്നത്, അല്ലെങ്കിൽ അവരുടെ സേവനത്തിന് യാതൊരു വിലയുമില്ല.

മഹാപുരോഹിതൻ ആകുവാൻ പറഞ്ഞിട്ടുള്ള എല്ലാ യോഗ്യതകളും ക്രിസ്തുവിൽ കാണാം. ആ നിയമനം അവന് ദൈവത്തിൽനിന്ന് നേരിട്ടാണ് ലഭിച്ചത്. സാധാരണ മനുഷ്യരിൽനിന്നും എടുത്തിരുന്ന പുരോഹിതന്മാർ പാപം ചെയ്തിരുന്നു, എന്നാൽ പുത്രൻ ആയിരുന്ന യേശുവിന്റെ നില അവരുടേതിനേക്കാൾ ഉയർന്നതായിരുന്നു (5:3). അവൻ മാനുഷിക പരീക്ഷണങ്ങൾ അനുഭവിച്ചതിനാൽ, അവന് മനുഷ്യരെ മനസിലാക്കുവാൻ കഴിയും (വാക്യങ്ങൾ. 7, 8). അവസാനമായി തന്റെ സ്വന്തമായ അനുസരണത്താൽ, ദൈവ നിയമങ്ങളുമായി യോജിക്കേണ്ടതിന്റെ ആവശ്യകത തെളിയിച്ചു (വാക്യങ്ങൾ. 8, 9).

യേശു “എന്നേക്കും” പുരോഹിതൻ എന്ന ദൈവത്തിന്റെ കാഴ്ച്ചപ്പാട് (5:6) അനുസരിച്ച് അഹരോന്റെ ക്രമപ്രകാരമുള്ളത് കാലഹരണപ്പെട്ടിരിക്കുന്നു. പഴയ വ്യവസ്ഥയുടെ മാറ്റം ഒരു യെഹൂദന് സ്വീകരിക്കുവാൻ പ്രയാസം നേരിട്ടിരുന്നു-ക്രിസ്തുവിനെ രാജാവായി സ്വീകരിച്ചിരുന്നവർക്കും പ്രയാസം നേരിട്ടിരുന്നു. ദൈവത്തിന് വിശുദ്ധമായിരുന്ന തന്റെ പഴയ ജീവിതം തന്നെ മാറ്റേണ്ടിവരുന്നു എന്നതാണ് കാര്യം. അയാൾ തനിക്ക് കാണുവാൻ കഴിയുന്നതിനെ കാണാത്തവയ്ക്കായി ഉപേക്ഷിക്കണം, അദൃശ്യമായവയ്ക്കായി ദൃശ്യമായതിനെ ഉപേക്ഷിക്കണം.[34] ക്രിസ്തീയ വിശ്വാസം മുഴുവനും സാത്താന്റെയാണെന്നായിരുന്നു ഒരു യഥാർത്ഥ യെഹൂദൻ വിശ്വസിച്ചിരുന്നത്. തന്റെ ആദ്യ വായനക്കാരെ യേശുവിന്റെ മഹാപൗരോഹിത്യം മനസിലാക്കി കൊടുക്കുവാൻ എബ്രായ ലേഖകന് സ്ഥലവും സമയവും വളരെ ചെലവഴിക്കേണ്ടി വന്നു.

### പക്വതയിൽ എത്തുവാനുള്ള മുന്നറിയിപ്പും പ്രബോധനവും (5:11-6:20)

എബ്രായ ലേഖനത്തിലെ മറ്റൊരു പ്രബോധനത്തിലേക്കാണ് ഇപ്പോൾ നാം എത്തിയിരിക്കുന്നത്. 5:11 മുതൽ അദ്ധ്യായം ആറ് വരെ താൻ പഠിപ്പിക്കുന്നതിന്റെ മൂന്നാമത്തെ വിശദമായ പ്രായോഗികതയാണ് ലേഖകൻ നൽകുന്നത്. ഒന്നാമത്തേയും രണ്ടാമത്തേയും പ്രബോധനങ്ങൾ 2:1-4 ഉം 3:7-4:16 ൽ കാണാം.

ലേഖകൻ അവരിലേക്ക് എത്തിക്കുവാൻ ആഗ്രഹിച്ചത് വായനക്കാരായ ക്രിസ്ത്യാനികളിൽ എത്താതിരുന്നത് അവരുടെ മാനസികമായ അലസത നിമിത്തമായിരുന്നു. അതുകൊണ്ട്, ലേഖകൻ തന്റെ ലേഖനത്തിലെ ആഴമേറിയ കാര്യങ്ങളിലേക്ക് കടക്കുന്നതിന് മുൻപ്, ആത്മീയ പക്വതയിലേക്ക് വളരുന്നതിന്റെ പ്രാധാന്യത്തെ ഓർപ്പിക്കുകയാണ്. ആ ഓർമ്മിപ്പിക്കൽ നിഷേധ ഭാവത്തിൽ അപക്വതയുടെ അടയാളം 5:11-14 ൽ, എടുത്തു കാണിക്കുന്നു.

**ഉപേക്ഷിക്കലിന്റെ പരാജയം (5:11–14)**

**[11]ഇതിനെ കുറിച്ച് ഞങ്ങൾക്ക് വളരെ പറവാനുണ്ട്; എങ്കിലും നിങ്ങൾ കേൾപ്പാൻ മാന്ദ്യമുള്ളവരായി തീർന്നതുകൊണ്ട്, തെളിയിച്ചു തരുവാൻ വിഷമം [12]കാലം നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ടുന്ന നിങ്ങൾക്ക് ദൈവത്തിന്റെ അരുളപ്പാടുകളുടെ ആദ്യ പാഠം തന്നെ വീണ്ടും ഉപദേശിച്ചു തരുവാൻ ആവശ്യമായിരിക്കുന്നു. കട്ടിയായുള്ള ആഹാരമല്ല, പാലത്രെ നിങ്ങൾക്ക് ആവശ്യം എന്നു വന്നിരിക്കുന്നു. [13]പാൽ കുടിക്കുന്നവൻ എല്ലാം നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവനത്രെ;**
**[14]അവൻ ശിശുവല്ലോ. കട്ടിയായുള്ള ആഹാരം നന്മതിന്മകളെ തിരിച്ചറിവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളു.**

**വാക്യം 11.** എബ്രായ ലേഖനം സംബോധന ചെയ്ത ക്രിസ്ത്യാനികൾ പലപ്പോഴും കേൾപ്പാൻ **മാന്ദ്യമുള്ളവരായിരുന്നു.** പഴയ യിസ്രായേൽ ജനത്തെപോലെ (4:2), കേട്ടത് അവർക്ക് പ്രയോജനപ്പെട്ടില്ല. നാം കേൾക്കുന്നത് ശ്രദ്ധയോടെ പ്രായോഗികമാക്കിയില്ലെങ്കിൽ, നമ്മുടെ ആത്മിയമായ കഴിവുകൾ നഷ്ടമായേക്കാം. ഈ അപകടത്തെ ചിത്രീകരിക്കുന്നതാണ് മത്തായി 25 ലെ താലന്തുകളുടെ ഉപമ.

വളരുവാനും ആത്മിയ മാന്ദ്യം ഒഴിവാക്കുവാനും ക്രിസ്ത്യാനി തുടർച്ചയായി ദൈവ വചന പഠനം തുടരണം. ആ ക്രിസ്ത്യാനികൾ അവരുടെ ആത്മിയ വളർച്ചക്ക് ആവശ്യമായ പഠനം നടത്തിയിരുന്നില്ല (വാ. 11). വാസ്തവത്തിൽ അവർ പിന്നിലേക്കായിരുന്നു സഞ്ചരിച്ചിരുന്നത്.

തിമൊഥെയൊസിന് ഒരു "ആത്മിയ വരം" മാത്രമാണ് ഉണ്ടായിരുന്നതെങ്കിലും, അത് ജ്വലിപ്പിക്കുവാനായിരുന്നു അവനോട് കൽപിച്ചത് (2 തിമൊ. 1:6), അത് ഉപേക്ഷിക്കാതിരിക്കയും വേണമായിരുന്നു (1 തിമൊ. 4:14). തിമൊഥെയൊസിനെ പോലെ പ്രത്യേക വരം ലഭിച്ചയാൾക്ക് ആത്മിയമായി ഉൽസാഹത്തോടെ പഠിച്ച് വളരേണ്ടിയിരുന്നു എങ്കിൽ, നമുക്ക് അതിൽ എന്തെങ്കിലും കുറച്ചു മതിയോ (2 തിമൊ. 2:15)? എബ്രായ ലേഖനം സംബോധന ചെയ്ത ക്രിസ്ത്യാനികളെ അവരുടെ മന്ദീഭവിച്ച പിന്നിലായ അവസ്ഥ ചൂണ്ടിക്കാണിച്ചുവെങ്കിൽ, നമ്മുടെ ആത്മിയ മാന്ദ്യതക്ക് നാം നമ്മെത്തന്നെ കുറ്റപ്പെടുത്തിയാൽ മതി.

മൽക്കിസെദേക്കിന്റെ ക്രമപ്രകാരമുള്ള പൗരോഹിത്യാശയം ചാവുകടൽ സമൂഹത്തിലെ ഖുമ്റാനിന്റെ രേഖകളിലും ഫിലോയുടെ എഴുത്തുകളിലും കാണുന്നു എങ്കിലും, ആ ആശയം ഒരുപക്ഷെ അധികവും ചർച്ച ചെയ്യപ്പെട്ടില്ലായിരിക്കാം. തന്റെ വായനക്കാർക്ക് ഈ വിഷയം അത്ര പരിചയമില്ലാതിരുന്നതിനാലാകാം വിശദമാക്കുവാൻ ലേഖകന് വിഷമം നേരിട്ടത്. ഈ കാലത്ത് പോലും മൽക്കിസെദേക്കിനെ കുറിച്ചുള്ള പ്രസ്താവനകൾ മനസിലാക്കുവാൻ വിഷമം നേരിട്ടേക്കാം (7:1–10). ആ ക്രിസ്ത്യാനികൾ ഗൗരവത്തോടെ ശ്രദ്ധിച്ചിരുന്നു എങ്കിൽ, തിരുവെഴുത്തുകളെ പരിശോധിച്ച് മനസിലാക്കുവാൻ കഴിയുമായിരുന്നു.

**വാക്യം 12.** ഉപദേശിപ്പാനുള്ള കഴിവില്ലായ്മയായിരുന്നു അവരുടെ ആത്മിയ അപക്വതയുടെ കാരണം: **കാലം നോക്കിയാൽ ഇപ്പോൾ ഉപദേ**

**ഷ്ടാക്കന്മാർ ആകേണ്ടുന്ന നിങ്ങൾക്ക് വീണ്ടും ഉപദേശിച്ചു തരുവാൻ ആവശ്യമായിരിക്കുന്നു**. ബുദ്ധിയില്ലായ്മ ആയിരുന്നില്ല അവരുടെ പ്രശ്നം; മറിച്ച് അവരുടെ അവസ്ഥയാണ് കൂടുതൽ നിന്ദ്യമായി തീർന്നത്. അവർ ഒരിക്കലും അങ്ങനെ ആകുവാൻ ആഗ്രഹിച്ചതല്ല, എന്നാൽ അവരുടെ മാനസികമായ അലസതയാണ് അവരെ അങ്ങനെ ആക്കിയത്.[35] ഒരു ശിശു ആകുന്നതിൽ തെറ്റില്ല, കാരണം ഓരോ ക്രിസ്ത്യാനിയും ശിശുവായിട്ടാണ് ജീവിതം ആരംഭിക്കുന്നത്. കൊരിന്ത്യയിലെ ക്രിസ്ത്യാനികളെ പൗലൊസ് "ശിശുക്കൾ" (*നേപിയോസ്*; 1 കൊ. 3:1) എന്നും, കൂടുതൽ വളർന്ന ക്രിസ്ത്യാനികളെ "തികവുള്ളവർ" (*റ്റെലിയസ്*; 1 കൊ. 14:20) എന്നുമാണ് വിളിച്ചത്. മറ്റുള്ളവരോട് "തികവുള്ളവർ" ആകുവാനും ("പക്വത"; എൻഐവി), ദൈവേഷ്ടത്തെ കുറിച്ചുള്ള ചിന്തയിൽ "മുഴുവനും ഉറപ്പുള്ളവർ" ആകുവാനും അപേക്ഷിച്ചു (കൊലൊ. 4:12).

ലേഖകൻ ക്രിസ്ത്യാനികൾക്ക് എഴുതിയപ്പോൾ അവരിൽ കാണുവാൻ ആഗ്രഹിച്ച പക്വത, വിശദീകരിക്കുന്ന സത്യം മനസിലാക്കുവാനും, ഉയർന്ന നിലവാരത്തിൽ അവ സ്വീകരിക്കുന്നതിനും ഉള്ള കഴിവാണ്. ഒരു ശിശു സ്നേഹിക്കപ്പെടും; പക്ഷെ വർഷങ്ങൾ പിന്നിട്ടാലും അത് നിസഹായമായ അവസ്ഥയിൽ തന്നെ തുടർന്നാൽ, അത് ദയനീയമായ സ്ഥിതിയെയാണ് സൂചിപ്പിക്കുന്നത്. ക്രിസ്ത്യാനികളായിട്ട് വർഷങ്ങൾ പിന്നിട്ടിട്ടും ആത്മിയമായ യാഥാർത്ഥ്യങ്ങളെ അറിയാതിരിക്കുമ്പോൾ, അവർ ശക്തി പ്രാപിക്കേണ്ടതാണെന്ന് കാണിക്കുന്നു.

എബ്രായ ക്രിസ്ത്യാനികൾ കുറെ കാലം അടിസ്ഥാനപരമായ ഉപദേശങ്ങൾ കേട്ടു കഴിഞ്ഞതിനാൽ, പഴയ നിയമ പ്രവചനങ്ങളെയും യേശുവിന്റെ അടയാളങ്ങളെയും മനസിലാക്കുവാൻ പ്രാപ്തരാകേണ്ടവരായിരുന്നു; എന്നാൽ ആ ക്രിസ്ത്യാനികൾ അത് മനസിലാക്കുവാനോ സന്തോഷിക്കുവാനോ കഴിവുള്ളവരാകുവാൻ തിരുവെഴുത്തിലെ ആ മൂലകങ്ങളിൽ വളർന്നില്ല. ഒരാൾ ദൈവിക സന്ദേശം കേൾക്കുവാൻ മാന്ദ്യമുള്ളവനാണെങ്കിൽ, അയാൾക്ക് മനസിലാക്കുവാനും വിഷമം നേരിടും, അങ്ങനെയുള്ളവരെ സഹായിക്കുവാനാണ് നാം അവരോട് ആശയ വിനിമയം നടത്തുന്നത്; ഇവിടെ പറയുന്ന ക്രിസ്ത്യാനികൾ ആത്മിയമായി അത്തരം ഒരു അവസ്ഥയിലായിരുന്നു.

വിശ്വസ്തരായ ക്രിസ്ത്യാനികൾ രാജ്യത്തിന്റെ സത്യങ്ങൾ അടുത്ത തലമുറക്ക് പകർന്നു കൊടുപ്പാൻ അറിഞ്ഞിരിക്കണം (2 തിമൊ. 2:2 നോക്കുക). അവർ മുഴുവൻ-സമയ ഉപദേഷ്ടാക്കന്മാർ ആയി തീരണമെന്നില്ല, എന്നാൽ അവർക്ക് പ്രായോഗികമായി ഉപദേഷ്ടാക്കന്മാരാകാം. പ്രത്യേക ഉപദേഷ്ടാക്കന്മാരാകുവാൻ പ്രാരംഭ സഭയിൽ ഉപദേഷ്ടാക്കന്മാരെ നിയമിച്ചിരുന്നു (എഫെ. 4:11); മറ്റുള്ളവർ ദിവസം തോറും വചനം അറിയിച്ചുകൊണ്ടിരുന്നു (പ്രവൃ. 5:32; 8:4). ഓരോ ക്രിസ്ത്യാനിയും-നല്ല ഉപദേഷ്ടാക്കന്മാർ ആയില്ലെങ്കിലും-"പ്രതിരോധിക്കുവാനും", തങ്ങളുടെ പ്രത്യാശയെ കുറിച്ച് പ്രതിവാദം പറവാനും അറിഞ്ഞിരിക്കണം (1 പത്രൊ. 3:15).

ഈ ശാസനയിൽ, ആദ്യമായി, ലേഖകൻ തന്റെ വായനക്കാരുടെ ആത്മീയ അപക്വതയെ ശാസിച്ചിരിക്കുന്നു. സഭ ആരംഭിച്ചപ്പോൾ ചില ക്രിസ്ത്യാനികൾക്ക് അപ്പൊസ്തലന്മാരുടെ കൈവയ്പിനാൽ ആത്മീയ വരങ്ങൾ ലഭിച്ചിരുന്നു (1 കൊ. 12:28; നോക്കുക പ്രവൃ. 8:14-17; 19:1-6; റോമ. 1:11; 1 കൊ. 12:4-7; 2 തിമൊ. 1:6). അത്ഭുതകരമായി ഉപദേശിക്കുവാനുള്ള വരം കുറേ കാലത്തേക്ക്

മാത്രം ഉദ്ദേശിച്ചതിനെ ശാസിക്കുകയായിരുന്നില്ല കാരണം, അത് നിന്നു പോകുവാൻ ഉള്ളതായിരുന്നു. അവർക്ക് പകരം ഉപദേഷ്ടാക്കന്മാർ ആകുന്ന വർ തങ്ങളുടെ സ്വഭാവികമായ താലന്തുകൾ വളർത്തിയെടുക്കണമായിരുന്നു. തിരുവെഴുത്തുകൾ മുഴുവൻ ലഭിക്കുന്നത് വരെ അത്ഭുതകരമായ ആത്മീയ വരങ്ങൾ തുടരേണ്ടതാണ് എന്ന് എഫെസ്യർ 4:8–15 കാണിക്കുന്നു. ശൈശവ പ്രായത്തിൽ ആയിരുന്ന സഭ ഫലപ്രദമായി പണിയപ്പെടുവാൻ അത്ഭുതവര ങ്ങൾ സഹായിച്ചിരുന്നു, പക്ഷെ അടുത്ത തലമുറയിലെ ക്രിസ്ത്യാനികൾക്ക് സ്വഭാവികമായ കഴിവുകൾ ഉയരുവാൻ ആത്മീയമായി അവർ വളരണം.

ഉപദേശിപ്പാനുള്ള കടമ പൗലൊസ് 2 തിമൊഥെയോസ് 2:2–ൽ നിർദ്ദേ ശിച്ചിരിക്കുന്നു; "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്തമനുഷ്യരെ ഭരമേല്പിക്ക." സത്യം അടുത്ത തലമുറയിലേക്ക് പകർന്നു കൊടുക്കുന്നതിനെ ആസ്പദമാ ക്കിയാണ് സഭയുടെ ഭാവി വളർച്ച എന്നാണ് അന്തർലീനമാക്കിയത്.

പരിശ്രമത്താലാണ് വ്യക്തികൾ വളരുന്നത്. വളരുന്നില്ലെങ്കിൽ വിശ്വാസ ത്തിന്റെ അടിസ്ഥാനം മറന്ന് പിന്നോക്കം പോയാൽ, ക്രിസ്തു നമ്മിൽ പ്ര തീക്ഷിക്കുന്നതിന് വിപരീത ഫലമാണ് ഉണ്ടാവുക. ഈ കർശനമായ ശാസന, എബ്രായ ക്രിസ്ത്യാനികളെ ഉണർത്തിയിരിക്കണം.

"ഉത്തരവാദിത്വമേറ്റെടുക്കുവാൻ കഴിയാത്തതു കൊണ്ടാണ് ഞാൻ ഉപ ദേഷ്ടാവായി തീരാതിരിക്കുന്നത്" എന്ന് ആരെങ്കിലും പറയുന്നതായി നമുക്ക് ഊഹിക്കാം. ഉപദേഷ്ടാവായി തീരുന്നത് വലിയ ഉത്തരവാദിത്വമാണെന്ന് യാക്കൊബ് പറയുന്നു. ഉപദേഷ്ടാവായി തീരുന്ന പലരും കർശന ന്യായവിധി നേരിടേണ്ടി വരും എന്നാണ് അവൻ പറയുന്നത് (യാക്കൊ. 3:1). സുവിശേഷം പങ്കിടുവാനുള്ള വളർച്ചയ്ക്ക് വിശ്വാസികളെ നിരുത്സാഹപ്പെടുത്തുന്നതല്ല കർശനമായ ന്യായവിധി. നാം വിശ്വസ്തമായി സത്യം മറ്റുള്ളവരോട് പങ്കിടു മ്പോൾ, നാം അവർക്ക് വലിയ അനുഗ്രഹമായി തീരുന്നു. ദൈവം നമ്മുടെ ഉപ ദേശത്തെ അനുഗ്രഹിക്കുകയും നമ്മിൽ കൂടി സന്ദേശം കേൾക്കുന്നവരെയും അനുഗ്രഹിക്കും. മറ്റുള്ളവരെ ഉപദേശിച്ച് പരിവർത്തനം ചെയ്യുന്നതിലും ക്രിസ്ത്യാനിക്ക് സന്തോഷിപ്പാൻ കഴിയും. യോഹന്നാൻ ഇപ്രകാരം പറഞ്ഞു: "എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്നു കേൾക്കുന്നതിനേക്കാൾ വലിയ സന്തോഷം എനിക്കില്ല" (3 യോഹ. 4).

**ദൈവത്തിന്റെ അരുളപ്പാടിന്റെ ആദ്യ പാഠങ്ങൾ** എന്ന ആശയത്തിൽ പഴയ നിയമവും പുതിയ നിയമവും ഉൾപ്പെടുന്നു. പഴയനിയമ ന്യായപ്രമാ ണത്തെ കുറിച്ച് പ്രവൃത്തികൾ 7:38 ൽ "ജീവനുള്ള അരുളപ്പാടുകൾ" എന്നാണ് പറഞ്ഞത്. റോമർ 3:2 ൽ "ദൈവത്തിന്റെ അരുളപ്പാടുകൾ" എന്നാണ്. പുതിയ നിയമ ഉപദേശത്തെ "ദൈവത്തിന്റെ അരുളപ്പാടുകൾ" എന്നാണ് പത്രൊസ് പ റഞ്ഞത് (1 പത്രൊ. 4:11). ക്രിസ്തുവിന്റെ ഉപദേശത്തിലേക്ക് യിസ്രായേലിനെ നടത്തുന്നതായിരുന്നു ന്യായപ്രമാണം. "ക്രിസ്തുവിങ്കലിലേക്ക് നടത്തുന്ന ശിശുപാലകൻ" എന്നാണ് അതിനെക്കുറിച്ച് പറഞ്ഞത് (ഗലാ.3:24). അത് യഹൂദന്മാർക്കും, പ്രത്യേകിച്ച് ജാതികളിൽ നിന്ന് ക്രിസ്ത്യാനികളായവർക്കും ഒരു പോലെ പ്രയോജനം ചെയ്യുന്നതാണ്. അനുസരണത്തിന്റെ പാഠങ്ങൾ പ ഴയനിയമത്തിൽ നിന്ന് പഠിക്കുകയും നാം അനുസരിക്കേണ്ടത് പുതിയ നി യമത്തിൽ നിന്ന് പഠിക്കുകയും ചെയ്യുന്നു.

എബ്രായർ 6:1 ൽ "ക്രിസ്തുവിനെ കുറിച്ചുള്ള ആദ്യപാഠങ്ങൾ," നാം

കാണുന്നു. ക്രിസ്തുവിന്റെ തത്വങ്ങളും "ദൈവത്തിന്റെ അരുളപ്പാടുകളും" തമ്മിൽ വ്യത്യാസം കാണാം, എന്നാൽ അവ ഒരു കാലത്തിൽ നിന്ന് മറ്റൊരു കാലത്തിലേക്ക് മാറുമ്പോഴാണ് ചില കാര്യങ്ങൾ കെട്ടിമറിഞ്ഞിരിക്കുന്നതായി കാണുന്നത്. "തത്വങ്ങൾ" (*സ്റ്റോയികെയിയോൻ*) അർത്ഥം "അക്ഷരമാലയിലെ ക്രമാക്ഷരങ്ങൾ" അല്ലെങ്കിൽ ഭൗതീക ലോകത്തിലെ അടിസ്ഥാന "മൂലകങ്ങൾ" (2 പത്രൊ. 3:10, 12).[36] "നിങ്ങൾക്ക് വീണ്ടും ക്രിസ്ത്യാനിത്വത്തിന്റെ എബിസി പഠിക്കേണ്ടത് ആവശ്യമാണ്" എന്നതാണ് ആശയം. ഒരർത്ഥത്തിൽ എബിസി ഒരിക്കലും പിന്നിൽ വിടുവാനുള്ളതല്ല. നമ്മുടെ വാക്കുകളിൽ ആ അക്ഷര ങ്ങൾ ആവർത്തിക്കപ്പെടുവാനുള്ളതാണ്. മറ്റൊരു സന്ദർഭത്തിൽ ആദ്യപാ ഠങ്ങൾ മനഃപാഠമാക്കിയില്ലെങ്കിൽ ഗുണന പട്ടിക തെറ്റുവാനാണ് സാധ്യത. എല്ലാ പ്രശ്നങ്ങളും പരിഹരിക്കുവാൻ, ആദ്യ പാഠങ്ങൾ നിരന്തരം ഉപയോ ഗിക്കേണ്ടതായിട്ടുണ്ട്.

**പാലുമുണ്ട്** "മാംസവും" ഉണ്ട് അല്ലെങ്കിൽ **കട്ടിയായ ആഹാരവും** (കെ ജെവി), ദൈവവചനത്തിൽ ഉണ്ട്. "പാൽ," മാത്രം എപ്പോഴും കുടിച്ച് കൊണ്ടി രിക്കുന്നത് ലജ്ജാവഹമാണ്. അത് ഒന്നാം നൂറ്റാണ്ടിലെ സാധാരണ അലങ്കാര മാണെന്ന് തോന്നുന്നു, പൗലൊസും അത് ഉപയോഗിച്ചിരുന്നു (1 കൊ. 3:1, 2).

**വാക്യം 13**. "പാൽ കുടിക്കുന്ന ക്രിസ്ത്യാനികൾ" നീതിയുടെ വചനത്തിൽ തഴക്കം ചെന്നവരല്ല, അല്ലെങ്കിൽ "നീതിയുടെ വചനത്തിൽ അഭ്യാസം ലഭിച്ച വരല്ല" (എൻകെജെവി). കൊരിന്ത്യരുടെ സ്നേഹകുറവായിരുന്നു അവരുടെ ആത്മീയ വളർച്ചയ്ക്ക് തടസ്സം. പലപ്പോഴും പുരോഗതിക്കു തടസ്സം പരിജ്ഞാന കുറവ് മാത്രമല്ല, കാരണം കൊരിന്ത്യ സഭയ്ക്ക് പരിജ്ഞാനത്തിന് ആവശ്യ മായ എല്ലാ ആത്മീയ വരങ്ങളും ഉണ്ടായിരുന്നു (1 കൊ.1:6, 7). ദൈവ വചന ത്തിലുള്ള അവരുടെ ധ്യാനക്കുറവ്, ദൈവവചനം വായിക്കുക മാത്രം ചെയ്ത് ശൈശവ പ്രായത്തിൽ തന്നെ തുടരുവാൻ കഴിയുമെന്ന് അവർ കാണിച്ചു. ഇടവകകൾക്ക്, "പാൽ," മാത്രം മതി എന്ന വിചാരത്താൽ ആദ്യ പാഠങ്ങൾ മാത്രം പഠിപ്പിക്കും-ഒരു പക്ഷെ അവരുടെ പരിമിതമായ അറിവ് ആയിരിക്കാം കാരണം. മറ്റുള്ളവർ പ്രസംഗങ്ങളിൽ അവതരിപ്പിക്കുന്നത് മിക്കവാറും അംഗ ങ്ങളെ ഉയർത്തുന്നതിനായിരിക്കും. നമുക്ക് അടിസ്ഥാനപരമായ ഉദ്ദേശങ്ങളും ഉയർന്ന പാഠങ്ങളും ആവശ്യമാണ് "മാംസം" നൽകാതെ ഇടവകയിലെ അംഗ ങ്ങളെ "മുഴുവൻ വളർച്ചയിലേക്ക്" എങ്ങനെ കൊണ്ടുവരും?

**വാക്യം 14**. ആത്മീയമായ വിവേചനത്തിന്റെ "പൂർണ്ണ വളർച്ച" യിൽ എത്തുന്നതിന് **പക്വത** ആവശ്യമെന്ന് ഈ വാക്യം പറയുന്നു. അത്തരം ക്രിസ്ത്യാനികൾ പ്രായമായിരിക്കയില്ല. ആ വ്യക്തിയും വാക്യം 13 ലെ "ശിശുവും" തമ്മിൽ വ്യത്യാസമുണ്ട്. അന്തിമ രക്ഷയ്ക്കും വളർച്ചയ്ക്കും "വചനത്തിന്റെ പാൽ" കാംക്ഷിക്കുന്നവനായിരിക്കും "ശിശു" (1 പത്രൊ. 2:2). വചനത്തിലേക്ക് തുടർച്ചയായി ഇറങ്ങിച്ചെന്ന്, പഠിക്കുന്നത് *ഉപയോഗിച്ചാൽ* ഒരാൾക്ക് **നന്മ തിന്മകളെ** [തമ്മിൽ] **വിവേചിപ്പാൻ** കഴിയും. ഇതായിരിക്കണം ഓരോ വിശുദ്ധന്റെയും ലക്ഷ്യം. **കട്ടിയായ ആഹാരം** അടങ്ങിയിരിക്കുന്നതി നാൽ എബ്രായ ലേഖനം, ഒരു വെല്ലുവിളി തന്നെയാണ്. ശ്രദ്ധയോടെ പഠിച്ച് മനസ്സിലാക്കി നിർണ്ണയിച്ചാൽ നമുക്ക് ആത്മീയ നിലവാരത്തിലേക്ക് ഉയരു വാൻ കഴിയും.

**നല്ല ഫലമുള്ള മഹാപുരോഹിതൻ (5:1, 2)**

ദൈവത്താൽ നിയമിക്കപ്പെടുന്ന ഒരു മനുഷ്യനായിരിക്കണം മഹാപുരോഹിതനാകുവാൻ. അവൻ പാപത്തിന് പ്രായശ്ചിത്ത ബലി അർപ്പിക്കുകയും, നിരപരാധികളോടും അനുസരണം കെട്ടവരോടും സൗമ്യമായി ഇടപെടുന്നവനും ആയിരിക്കണം.

അഹരോന് ആ യോഗ്യതകളെല്ലാം ഉണ്ടായിരുന്നു. കനാനിൽ പ്രവേശിക്കുവാൻ യിസ്രായേൽ ദേശം മടിച്ചപ്പോൾ അവനും മോശയും നിലത്ത് ദുഃഖത്താൽ വീണുകിടന്നു. തെറ്റിപ്പോയവർക്ക് വേണ്ടി അവർ ദൈവത്തോട് അപേക്ഷിച്ചു, അവർ ദൈവത്തോടും ആളുകൾക്ക് വേണ്ടി നിയമിച്ച അദ്ധ്യക്ഷന്മാരോടും മത്സരിക്കുകയായിരുന്നു (സംഖ്യ. 14:5).

ജനത്തിന്റെ കുറ്റവും ദുഃഖവും വേദനയും അകറ്റുന്ന വിധത്തിൽ അവരെ സഹായിക്കുകയും, ശുശ്രൂഷിക്കുകയും ആയിരുന്നു മഹാപുരോഹിതൻ ചെയ്യേണ്ടിയിരുന്നത്. ഓരോ യാഗത്തിന്റെയും ഉദ്ദേശം അവൻ ജനത്തെ ബോധ്യമാക്കി, അങ്ങനെ അവരുടെ പാപത്തെ കൈകാര്യം ചെയ്ത് ക്ഷമാപണം സ്വീകരിക്കണമായിരുന്നു. മോശയോടുകൂടെ അഹരോൻ യിസ്രായേൽ മക്കളെ രക്ഷിപ്പാനായി ദൈവത്തോട് അപേക്ഷിച്ചു. (സംഖ്യ. 14:11–19). ആ പ്രാർത്ഥന ദൈവം കേട്ടു, എന്നാൽ അവരുടെ പാപങ്ങൾക്കുള്ള താല്ക്കാലിക ശിക്ഷയായ മരണത്തിൽ നിന്ന് അവരെ അവൻ മോചിപ്പിച്ചില്ല (14:20–24).

**നമ്മുടെ ദൈവ പരിജ്ഞാനം (5:1, 2)**

നമ്മുടെ മഹാപുരോഹിതനായ യേശുവിന്റെ വെളിപ്പാട് മുഖാന്തരം നമ്മുടെ പിതാവായ ദൈവത്തിന്റെ പരിജ്ഞാനമാണ് നമ്മളിൽ വരുന്നത്. ഇത് അധികവും എബ്രായ ലേഖനത്തിൽ അല്ലാതെ മറ്റൊരിടത്തും ഇല്ല. ദൈവത്തെയും അവന്റെ സ്വഭാവത്തെയും ക്രിസ്തുവിൽ കാണിച്ചു തന്നതിനാലാണ് നമുക്ക് ദൈവത്തെ അറിയുവാൻ കഴിയുന്നത് (യോഹ. 14:5–11; കൊലൊ. 2:9). വചന പഠനത്താലും വിശ്വാസത്താലും നമുക്ക് ഇപ്പോൾ ക്രിസ്തുവിനെ അറിയാം, അല്ലാതെ "വ്യക്തിപരമായ അനുഭവത്താൽ" അല്ല.

ക്രിസ്ത്യാനിക്ക് പിതാവിൽ നിന്നോ, പുത്രനിൽ നിന്നോ, അല്ലെങ്കിൽ പരിശുദ്ധാത്മാവിൽ നിന്നോ നേരിട്ട് ഉള്ള "അനുഭവം" ഇല്ല. ഒന്നാം നൂറ്റാണ്ടിലെ ആത്മ-ശ്വാസീയരായ അപ്പൊസ്തലന്മാരോട് കർത്താവ് നേരിട്ട് സംസാരിച്ചത് പോലെ ഇന്ന് നമ്മോട് സംസാരിക്കുന്നില്ല. പലരും "വ്യക്തിപരമായ അനുഭവം" ദൈവത്തിൽ നിന്ന് പ്രതീക്ഷിക്കുന്നു, എന്നാൽ അത് വൈകാരികമായ ആഗ്രഹം മാത്രമാണ് അല്ലാതെ തിരുവചനപ്രകാരമല്ല.

ദൈവീകമായ വെളിപ്പാടോ അല്ലെങ്കിൽ അത്ഭുതമോ മാത്രമായി നിൽക്കുകയോ, അല്ലെങ്കിൽ വ്യക്തിപരമായ "ദൈവീക" അനുഭവം അവകാശപ്പെടുവാനോ നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നില്ല. അപ്പൊസ്തലന് വേണ്ടതായ "വാസ്തവത്തിലുള്ള അപ്പൊസ്തലന്റെ അടയാളം" പൗലൊസിന് അവകാശപ്പെടുവാൻ കഴിഞ്ഞിരുന്നു (2 കൊ. 12:12). ഇന്ന് ആളുകൾക്ക് അതിനു കഴിയുകയില്ല!

**അറിവില്ലാത്തവരോടും വഴിതെറ്റിയവരോടും സൗമ്യമായി ഇടപെടൽ (5:2)**

സ്റ്റോയിക്ക്യർക്കിടയിൽ, പാപികളോട് സൗമ്യത കാണിക്കുന്നത് വിലയില്ലാത്തതായിട്ടാണ് കരുതിയിരുന്നത്. അവർ വിചാരിച്ചത് കോപം ഇല്ലാതിരിക്കുകയും മനസ്സലിവ് ഉള്ളവരാകുകയും വേണം എന്നാണ്. അതിയായ വികാരം ഉള്ളവരോട് അവരുടെ മനോഭാവം "നല്ല-ക്രമമുളള സമൂഹത്തിൽ അങ്ങനെയുള്ളവർ ഒരു ശല്യമാണ്."[37] എങ്ങനെയായാലും, സഭ എല്ലായിപ്പോഴും-ക്രിസ്തുവിനെ പോലെ-"ബലഹീനരോടും ... ദുർബലരോടും" കനിവോടെ ഇടപെടണം (12:12, 13). നിരന്തരം സഹായം ആവശ്യമുള്ളവർക്ക് മനുഷ്യരിൽ നിന്നുള്ള, ഒരു ഉയർന്ന മഹാപുരോഹിതൻ മനസ്സലിവുള്ളവൻ ആയിരിക്കണം.

തീർച്ചയായും, വഴങ്ങാത്ത പാപികൾക്കാണ്; എന്നാൽ വഴിതെറ്റിയ ആത്മാക്കളോട് "ഇടയനില്ലാത്ത ആടുകളെ പോലെ" ഇടപെടണം. (മത്താ. 9:36). നാം അവരോട് മനസ്സലിവ് കാണിച്ച് ജീവിക്കുമ്പോൾ, നാമും പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ നോക്കണം (ഗലാ. 6:1, 2; എൻകെജെവി). അവർ ദൈവത്തിങ്കലേക്ക് മടങ്ങി വരുവാൻ ആഗ്രഹിച്ചേക്കാം, എന്നാൽ അവർ സ്വയമായി അതിന് ശ്രമിച്ചെന്ന് വരുകയില്ല. മൂപ്പന്മാരുടെ പ്രത്യേക ജോലിയാണ് ബലഹീന വിശുദ്ധന്മാരെ "നടത്തുക" എന്നത് (13:17), തെറ്റിപ്പോയ സഹോദരന്മാരെ തിരിച്ചുവരുത്തുവാൻ ഉള്ള ഉത്തരവാദിത്വം ഓരോ ക്രിസ്ത്യാനിയിലും നിക്ഷിപ്തമാണ്.

പഴയ നിയമത്തിലെ പുരോഹിതന്മാരുടെ ജോലി തന്നെയാണ് പുതിയ നിയമത്തിലെ മൂപ്പന്മാർക്കും സുവിശേഷകന്മാർക്കും ഉള്ളത്. ദൈവ സഭയിലെ അദ്ധ്യക്ഷന്മാർ അവരുടെ ചുമതലയിലെ ആളുകളുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റണം. ഇടവക സന്തോഷിക്കേണ്ട കാര്യങ്ങൾ പറയുക മാത്രമല്ല ഒരു ദാസനായ-അദ്ധ്യക്ഷന്റെ കടമ. വചനം പ്രസംഗിക്കുന്ന ആൾ "നല്ല ഉപദേശവും ..., എങ്ങനെ സന്തോഷിക്കാമെന്നതിനുള്ള സൂചനകളും, വിജയിക്കാനുള്ള വഴികളും പറഞ്ഞു കൊടുക്കുക മാത്രമല്ല. അവൻ അവർക്ക് വേണ്ടി ദൈവത്തോട് സംസാരിക്കുകയും വേണം."[38] മൂപ്പന്മാരും ഉപദേഷ്ടാക്കന്മാരും ദിവസവും ആളുകൾക്ക് വേണ്ടി പ്രാർത്ഥിക്കണം.

സഭയുടെ അദ്ധ്യക്ഷന്മാർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി, ആളുകൾക്കിടയിലെ പ്രശ്നങ്ങളോ ബലഹീനതയോ പുറത്തു കാണുന്നതാണ്. അറിവില്ലാത്തവരോടും അനുസരണം കെട്ടവരോടും ഇടപെടുന്നത്, ഒരു സഹോദരൻ തെറ്റി പോകുന്നത്, അയാളുടെ പാപം പുറത്ത് അറിയുന്നത് എല്ലാം താഴ്മയോടെ അയാളെ വിളിച്ച് പ്രാർത്ഥിച്ച് അതിജീവിക്കുവാൻ ശക്തി നൽകണം. ഇളവ് കാണിക്കുന്നത് എളുപ്പവും ശരിയായി കൈകാര്യം ചെയ്യുന്നത് പ്രയാസവും ഉള്ള കാര്യവുമാണ്!

മഹാപുരോഹിതന് തന്റേതായ ബലഹീനത ഉണ്ടായിരുന്നത് പോലെ നമുക്കും ഉണ്ട്. ആ ചിന്ത മനസ്സിൽ വച്ച് വേണം നാം തെറ്റിപ്പോയവരെ സമീപിക്കുവാൻ. ഗലാത്യർ 6:1, 2 അത്യാവശ്യമായി നിറവേറ്റാനുള്ള ഒരു കല്പനയാണ്: "നിങ്ങളും പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ [സൂക്ഷിച്ചു കൊൾവിൻ]." ഒരു പാപിയോട് മനസ്സലിവോടെ ശാസിക്കുവാൻ യുവാവിന് അപൂർവ്വമായേ കഴിയൂ. മൂപ്പന്മാരും പ്രായമായ ശുശ്രൂഷകന്മാരും ഈ ഉത്തരവാദിത്വം സ്വീകരിക്കണം. പാപികളുടെ ഉള്ളിൽ പലപ്പോഴും രോഗമാണ് ഉള്ളത്, അതുകൊണ്ട് സഹായം നോക്കിയിരിക്കും. അയാൾ ഒരു ബലഹീന സ്വഭാവം കാണിച്ചേക്കാം. ഓരോ മൂപ്പനും, വാസ്തവത്തിൽ പക്വതയുള്ള ഓരോരുത്തരും ധൈര്യ

ത്തോടെ നീതിയുടെ വഴി കാണിച്ചു കൊടുക്കണം. ഒരിക്കലും പരുഷമായി ഇടപെടരുത്; എല്ലാവരും ഗലാത്യർ 6:1, 2 അനുസരിച്ച് വേണം നീങ്ങുവാൻ. മുന്നറിയിപ്പുകൾ ശ്രദ്ധയോടെ വേണം നല്കുവാൻ.

**ദൈവത്തെ ആദരിക്കൽ (5:4, 5)**

ഒരു മൂപ്പന്റെ യോഗ്യതകൾ 1 തിമൊഥെയൊസ് 3:1–ൽ വിവരിക്കുന്നു: "ഒരുവൻ അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നു എങ്കിൽ നല്ല വേല ആഗ്രഹിക്കുന്നു എന്നുള്ളത് വിശ്വാസയോഗ്യമാകുന്നു." ആ ആഗ്രഹം ഒരു ആവശ്യമല്ല "മസ്റ്റ്" എന്നതു ആഗ്രഹത്തിനു ശേഷം വേദഭാഗത്ത് പറയുന്ന വ്യവസ്ഥയാണ്. ഒരാൾ തുറന്ന മനസോടെ ഈ പ്രവൃത്തി ആഗ്രഹിക്കുന്നു എങ്കിൽ, സാധാരണ ആദരവ് ആണ് പ്രതീക്ഷിക്കുന്നത്, അല്ലാതെ ശുശ്രൂഷിക്കുവാനുള്ള സന്നദ്ധതയല്ല. ഒരു മൂപ്പൻ ആകുക എന്നത് തീർച്ചയായും "നല്ല വേല" ആണ് ആഗ്രഹിക്കുന്നത്. ആ ഉദ്യോഗത്തിന് ആവശ്യമായ യോഗ്യതകളും ഉണ്ടാകണം. എങ്ങനെയായാലും, സഭയിലെ ഓഫീസ് "നടത്തുവാൻ" ആയി മൂപ്പന്മാരെയും ശുശ്രൂഷകരെയും കാണുന്നത് തെറ്റാണ്. ഒരാൾ അതിന് യോഗ്യനാണ് എങ്കിൽ, മറ്റംഗങ്ങളാണ് അയാളെ തിരഞ്ഞെടുക്കേണ്ടത്, അയാളുടെ പ്രവൃത്തി ആ ജോലി സന്തോഷത്തോടെ ചെയ്യുക എന്നതാണ്.

മൂപ്പന്റെയും ശുശ്രൂഷകന്റെയും പ്രവൃത്തി പരസ്യമായി മാനം ലഭിക്കുന്ന ഒന്നല്ല. ആ ജോലികൾ ഏറ്റെടുക്കുന്നവർ ആത്മാക്കളുടെ മുഖ്യ ഇടയനായ ക്രിസ്തുവിൽനിന്നു മാത്രമെ മാനം അന്വേഷിക്കാവൂ (1 പത്രൊ. 5:1–4). സ്വയം-ഉയർത്തൽ ആഗ്രഹിച്ചിരുന്നില്ല; മറിച്ച് അവന്റെ പുത്രത്വം പ്രഖ്യാപിക്കുവാനും അവന്റെ നിയമനം പ്രഖ്യാപിക്കുവാനും അവൻ ദൈവത്തെ അനുവദിച്ചു (എബ്രാ. 5:5, 6). അവൻ "സ്വയമായി മഹത്വം എടുത്തില്ല" (നോക്കുക യോഹ. 8:54; 17:1, 5; പ്രവൃ. 3:13).

സഭയുടെ അനുവാദമില്ലാതെ ആരും മൂപ്പനാണെന്ന് ധരിക്കരുത്. ഇടവകയാണ് അവർക്കിടയിൽനിന്ന് മൂപ്പന്മാരെ തിരഞ്ഞെടുക്കേണ്ടത് (പ്രവൃ. 6:3). അദ്ധ്യക്ഷ സ്ഥാനത്തേക്കുള്ള യോഗ്യതകളോട്, സ്നേഹിതരെയോ, ബന്ധുക്കളെയോ, അല്ലെങ്കിൽ പട്ടാള വിഭാഗത്തെയോ ഉൾപ്പെടുത്തുവാൻ ശ്രമിച്ചാൽ, ആളുകളിൽ നീരസം ജനിപ്പിക്കുകയും, ചിലർ സഭ വിട്ടുപോകുവാൻ കാരണമാകുകയും ചെയ്യും.

പഴയ നിയമത്തിലെ പുരോഹിതന്മാർക്കുള്ള യോഗ്യതകളല്ല, പുതിയ നിയമത്തിലെ മൂപ്പന്മാർക്ക് ഉള്ളത്, എന്നാൽ ദൈവത്തിന്റെ അനുസരണ തത്വങ്ങൾ എപ്പോഴും ഒന്നുതന്നെയാണ്. തിരുവെഴുത്തിൽ വ്യക്തമായോ അല്ലെങ്കിൽ അന്തർലീനമായോ, പറഞ്ഞിരിക്കുന്നത് അനുസരിച്ചായിരിക്കണം, ക്രിസ്തീയ അദ്ധ്യക്ഷൻ പ്രമാണിക്കേണ്ടത്.

**ഗദ്ശെമനയിൽ വെച്ച് യേശുവിന്റെ പ്രാർത്ഥനക്ക് ദൈവം എങ്ങനെ മറുപടി നൽകി (5:7)**

"ഉവ്വ്," "ഇല്ല," അല്ലെങ്കിൽ "കാത്തിരിക്കുക" എന്നിങ്ങനെ മൂന്നു വിധത്തിലാണ് ദൈവം പ്രാർത്ഥനയ്ക്ക് മറുപടി നൽകുന്നത് എന്നാണ് സാധാരണ നാം പറയുന്നത്. ആ വാക്കുകൾ ബൈബിളിൽ ഉപയോഗിച്ചിട്ടില്ലാത്തതിനാൽ, അവ നാം സൂക്ഷിച്ച് ഉപയോഗിക്കണം.

ഫലപ്രദമായ പ്രാർത്ഥനയ്ക്ക് നിബന്ധനകൾ ദൈവം വെച്ചിരിക്കുന്നു,

ദൈവത്തിന് മറുപടി നൽകുവാൻ കഴിയുമെന്നും മറുപടി നൽകുമെന്നും വിശ്വസിക്കുക (യാക്കൊ. 1:5–7). യേശുവിന്റെ നാമത്തിൽ വേണം പ്രാർത്ഥിക്കുവാൻ (അർത്ഥം; അവന്റെ അധികാരത്തിൽ; നോക്കുക യോഹ. 14:13), പ്രാർത്ഥനയിൽ നാം ദൈവേഷ്ടത്തോട് യോജിക്കണം എന്നാണ് അന്തർലീനമാക്കിയിരിക്കുന്നത് (1 യോഹ. 5:14). ദൈവത്തിന്റെ വാഗ്ദാനങ്ങൾ എല്ലാം എപ്പോഴും "ഉവ്വ്" എന്നത്രെ പൗലൊസ് പറഞ്ഞത് (2 കൊ. 1:18–20). നമ്മുടെ പ്രാർത്ഥന ദൈവേഷ്ടവുമായി യോജിച്ചിരിക്കണം; താഴ്മയും അനുസരണവുമുള്ള മക്കളാകുമ്പോൾ, സ്വാഭാവികമായി ഉണ്ടാകുന്ന ഫലമാണ് അത്. ക്രൂശിൽ നിന്നു തന്നെ വിടുവിക്കേണമെ എന്ന് യേശു പ്രാർത്ഥിക്കുകയായിരുന്നില്ല (മത്താ. 26:42). അതുകൊണ്ട് അവന്റെ പ്രാർത്ഥനക്ക് "ഉവ്വ്" എന്ന മറുപടി ലഭിച്ചു.

പൗലൊസിന് ജഡത്തിൽ ഒരു ശൂലം ഉണ്ടായപ്പോൾ, അത് നീങ്ങി പോകേണ്ടതിന് പൗലൊസ് മൂന്നു പ്രാവശ്യം പ്രാർത്ഥിച്ചപ്പോഴാണ് മറുപടി ലഭിച്ചത്. "പൗലൊസേ, വെറുതെ നിന്നെ സൗഖ്യമാക്കുന്നതിനേക്കാൾ വലിയത് നിനക്കായി വെച്ചിരിക്കുന്നു. നീ മുഖാന്തരം എന്റെ സന്ദേശം കൂടുതലായി ശോഭിക്കേണ്ടിയിരിക്കുന്നു." ആ മറുപടി നിമിത്തം പൗലൊസ് സന്തോഷത്തോടെ ആ ശൂലം സഹിച്ചു ദൈവേഷ്ടം പിൻപറ്റുവാൻ മനസ് കാണിച്ചതിനാൽ പൗലൊസിന്റെ പ്രാർത്ഥനയ്ക്ക് "ഉവ്വ്" എന്നു മറുപടി ലഭിച്ചു (2 കൊ. 12:7–10).

അത്തരം മനോഭാവത്തോടെ പ്രാർത്ഥിക്കുമ്പോൾ, നമ്മുടെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കും. അതാണ് തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നത്. ശരിയായി പ്രകടിപ്പിക്കുന്ന പ്രാർത്ഥനയ്ക്ക് ദൈവം എപ്പോഴും മറുപടി നൽകും. അത് വിശ്വാസത്തോടെ പ്രാർത്ഥിക്കുവാൻ നമുക്ക് ധൈര്യം നൽകുന്നു. ഈ കാലത്ത് നമുക്ക് സഹായം ഏറ്റവും ആവശ്യമായ ഘട്ടത്തിൽ എവിടെ എങ്ങനെ അത് ലഭിക്കുമെന്നതിനുള്ള ഉത്തമമായ മാതൃകയാണ് ക്രിസ്തു.

**യേശു പഠിച്ചതുപോലെ, നാമും പഠിക്കണം (5:8, 9)**

ദൈവത്തിന്റെ കൽപനകൾ കേൾക്കുമ്പോൾ, യുക്തിപരമായി തോന്നുന്നില്ലെങ്കിലും, വിശ്വാസത്താൽ നാം അനുസരിക്കുമ്പോഴാണ് നാം അനുസരണം പഠിക്കുന്നത്. സ്പഷ്ടമായും യുക്തിസഹജവുമായത് മാത്രം ചെയ്യുന്നതും അനുസരണമല്ല–ചുരുങ്ങിയത് അത് വിശ്വാസത്താലുള്ള അനുസരണം അല്ല. ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത് എപ്പോഴും യുക്തി സഹജമായിരിക്കണമെന്നില്ല കൊച്ചു–കുട്ടികളെ പോലെ നമുക്ക് ഏറ്റവും–പ്രിയപ്പെട്ട വിഗ്രഹങ്ങളെ ഉപേക്ഷിപ്പാൻ കഴിയണം. അപ്പോഴാണ് നാം അനുസരിക്കുന്നത്. വാസ്തവത്തിൽ അപ്പോഴാണ് നാം അനുസരണം പഠിക്കുന്നത്. കഷ്ടതയിൽ കൂടെയാണ് നാം അത് മനസിലാക്കുന്നത്. ചോദ്യം ചെയ്യാതെ അനുസരിക്കുന്നത് വരെ അനുസരണം പൂർണ്ണമാകുന്നില്ല. ദൈവത്തിന്റെ കരുണയിലേക്ക് നാം നമ്മുടെ നന്മ കൂടാതെ നമ്മെ പൂർണ്ണമായി ഭരമേൽപിക്കണം. നാം പൂർണ്ണമായി അനുസരിക്കുമ്പോൾ മാത്രമാണ് തികവുള്ളവരാകുന്നതും, പൂർണ്ണമായും പക്വതയുള്ള വിശുദ്ധന്മാരാകുന്നതും.

നമ്മുടെ ക്ഷേമത്തെ മറികടക്കുന്നതാണ് ദൈവത്തിന്റെ കരുണ എന്നറിഞ്ഞാൽ, കഷ്ടത നമുക്ക് ഗുണം ആണ് വരുത്തുന്നത് എന്നറിഞ്ഞാൽ നാം അത് സ്വീകരിക്കും. പാപികൾ ദൈവത്തിനെതിരായി ഉപയോഗിക്കുന്ന ഏറ്റവും വലിയ അന്യായമായിട്ടായിരിക്കാം ഒരുപക്ഷെ കഷ്ടതയെ വാദിക്കുന്നത്.

ആളുകൾ ചോദിക്കുന്നത്, "വാസ്തവത്തിൽ ദൈവം എന്നെ സ്നേഹിക്കുകയാണെങ്കിൽ അവൻ ഈ കഷ്ടത എനിക്ക് തരുന്നതെന്തിനാണ്?" എന്നാണ്. യേശു അതിന് വ്യക്തമായ മറുപടി നൽകുന്നില്ലെങ്കിലും, മനുഷ്യർക്ക് ഊഹിക്കാവുന്നതിനേക്കാൾ ശക്തമായ ഉത്തരം ആണ് യേശു ക്രൂശിൽ കഷ്ടത സഹിച്ച് നൽകുന്നത്. ആകാശത്തിലെ പറവകളേക്കാളും വയലിലെ പുഷ്പങ്ങളെക്കാളും മനുഷ്യരെ കുറിച്ച് സ്വർഗസ്ഥനായ പിതാവ് കരുതുന്നുണ്ടെന്നാണ് അവൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞത് (മത്താ. 6:26–34), നമുക്ക് വേണ്ടി നമ്മുടെ രക്ഷകൻ മരിച്ച ക്രൂശിന്റെ സംഭവത്തിലേക്ക് മുട്ടുമടക്കി വരുമ്പോൾ മാത്രമാണ് നമുക്ക് ആ സത്യം മുഴുവനായി മനസിലാകയുള്ളു. കാണത്തക്കവണ്ണമുള്ള ഒരു കാരണവും കൂടാതെയായിരുന്നു അവൻ കഷ്ടത ഏറ്റത്; പക്ഷെ അതിന് വലിയ ഒരു ദൈവിക ഉദ്ദേശം ഉള്ളതായി വെളിപ്പെടുത്തിയിരിക്കുന്നു (റോമ. 3:23–26; 5:8, 9).

ദൈവത്തിന്റെ പ്രത്യേകതയുള്ള പുത്രനായ യേശു ഉച്ചത്തിൽ നിലവിളിച്ചു, "എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്ത്?" ആ പ്രവചന നിറവേറലിന്റെ ആഴം അളക്കുവാൻ നമുക്ക് സാധ്യമല്ല (സങ്കീ. 22:1), എന്നാൽ യേശു തനിയെ ദൈവത്തിൽ ആശ്രയിക്കേണ്ടതിന് അവസാനത്തോളം കഷ്ടത സഹിച്ചു എന്നു നമുക്ക് കാണാം. അവൻ തന്റെ പിതാവിന്റെ ഇഷ്ടത്തിന് ക്രൂശിലെ മരണത്തോളം കീഴ്പ്പെട്ടിരുന്നതിനാൽ, നാമും അവന്റെ ഇഷ്ടത്തിൽ പൂർണ്ണമായി ആശ്രയിക്കണം. നാം ദൈവമക്കൾ ആയതിനാൽ, നമ്മോടുള്ള അവന്റെ സ്നേഹം നിമിത്തം, നമ്മുടെ കഷ്ടത ഒഴിവാക്കും എന്നു വിചാരിക്കരുത്. ദൈവ ജ്ഞാനം നമുക്ക് ഭോഷത്വമായി തോന്നിയേക്കാം, കഷ്ടത നമുക്ക് യുക്തിരഹിതമായും തോന്നിയേക്കാം. കിരീടത്തിന് മുൻപ് ക്രിസ്തുവിന് ലഭിച്ചത് കുരിശ് ആയിരുന്നു, ആകയാൽ നമ്മളും അങ്ങനെ തന്നെയാണ്. നാം ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ, നമ്മുടെ വിവേചനാശക്തി നാം വിട്ടുകളയുന്നില്ല, എങ്കിലും സംഭവിക്കുന്ന എല്ലാറ്റിനും കാരണം കണ്ടെത്തുവാൻ ശ്രമിക്കുന്നതിനെ നാം അതിജീവിക്കണം. നാം ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏൽക്കുമ്പോൾ, ജീവന്റെ പുതുക്കത്തിൽ പ്രവേശിക്കുകയും അവനിൽ ആശ്രയിച്ച് അവനെ അനുസരിച്ച് ജീവിക്കുകയും വേണം (റോമ. 6:3, 4 നോക്കുക).

**നിത്യ രക്ഷ (5:9)**

"അത് നിത്യമാണെങ്കിൽ, നഷ്ടപ്പെടുവാൻ സാധ്യതയില്ല" എന്ന കാൽവിനിസ്റ്റുകാരുടെ വാദം "വിശുദ്ധന്മാരുടെ സ്ഥിരോൽസാഹവും" "വിശ്വാസത്യാഗവും" നിഷേധിക്കുന്നതാണ്. ക്രിസ്ത്യാനി "കൃപയിൽനിന്നു വീണുപോകയില്ല" എന്ന ഉപദേശം ഇതിൽനിന്നും ഉത്ഭവിച്ചതാണ്. ക്രിസ്തു നൽകുന്ന രക്ഷ നിത്യമാണ്, പക്ഷെ ആ അനുഗ്രഹം നമ്മുടെ പങ്കാളിത്തം നിർവ്വഹിക്കാതെ വന്നാൽ നഷ്ടമാകും. "അന്ത്യകാലത്ത് വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷക്ക് വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്നു" (1 പത്രൊ. 1:5).

ഒരാൾക്ക് തന്റെ വിശ്വാസം നഷ്ടമാകുമോ? ചിലരുടെ "വിശ്വാസക്കപ്പൽ തകർന്നു പോയതായി" പൗലൊസ് പറഞ്ഞിരിക്കുന്നു (1 തിമൊ. 1:19). റോമർ 11:22 ഈ കാഴ്ച്ചപ്പാടിനെ വളരെ വ്യക്തമാക്കുന്നു: "ആകയാൽ ദൈവത്തിന്റെ ദയയും ഖണ്ഡിതവും കാൺക; വീണവരിൽ ദൈവത്തിന്റെ ഖണ്ഡിതവും

നിന്നിലോ നീ ദയയിൽ നിലനിന്നാൽ, ദയയും തന്നെ; അല്ലെങ്കിൽ നീയും ഛേദിക്കപ്പെടും." ഗലാത്യർ 5:4-ൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്ന ഒരു പ്രസ്താവനയെ നമുക്ക് എങ്ങനെ നിഷേധിക്കുവാൻ കഴിയും? പൗലൊസ് പറഞ്ഞു, "ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ നീതീകരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന നിങ്ങൾ ക്രിസ്തുവിനോട് വേർപെട്ടുപോയി; നിങ്ങൾ കൃപയിൽ നിന്നു വീണുപോയി." മുകളിലെ വാക്യത്തിൽ പറഞ്ഞവർ ഒരിക്കലും വാസ്തവത്തിൽ പരിവർത്തനം ചെയ്യപ്പെട്ടവരല്ല-കാരണം അവർ അനുമാനത്തിലാണ്.

**"നിങ്ങൾ ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ടുന്നവരാണ്" (5:12)**

ദൈവ വചനം കേൾക്കുകയും, വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തിരിക്കയാൽ, എബ്രായ ക്രിസ്ത്യാനികൾക്ക് ഉപദേശിക്കേണ്ട ഉത്തരവാദിത്തം ഉണ്ടായിരുന്നു. താൻ എങ്ങനെ രക്ഷിക്കപ്പെട്ടു എന്ന് മറ്റുള്ളവരോട് അറിയിക്കുവാനുള്ള ധാർമ്മിക കടപ്പാട് ഓരോ ക്രിസ്ത്യാനിക്കും ഉണ്ട്. "ഉപദേഷ്ടാക്കന്മാർ" എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് ഔദ്യോഗികമായി ഉപദേഷ്ടാക്കന്മാർ ആകുന്നതിനെ കുറിച്ചല്ല. രക്ഷ ലഭിച്ചിരിക്കുന്ന ഓരോരുത്തർക്കും സുവിശേഷം അനുസരിക്കുന്നത് എങ്ങനെ എന്ന് അറിയാം. അന്വേഷിക്കുന്ന ഒരു സ്നേഹിതനോട് ഏതാനും വാക്യങ്ങൾ എടുത്തുകാണിക്കുവാൻ ഒരു ക്രിസ്ത്യാനിക്ക് കഴിയും. ക്രിസ്തീയ ഉപദേശത്തിന്റെ ആദ്യ പാഠങ്ങൾ മുഴുവൻ പഠിപ്പിക്കുവാൻ കഴിഞ്ഞില്ലെങ്കിലും, കർത്താവിനേയും അവന്റെ വചനത്തെയും സ്നേഹിക്കുന്ന വിധത്തിൽ സ്വാധീനിക്കുവാൻ കഴിയും.

**എങ്ങനെ ആത്മീയ പക്വത വളർത്തിയെടുക്കാം (5:14)**

എല്ലാ പാപത്തെയും ബലഹീനതകളെയും കീഴ്പ്പെടുത്തുന്ന വലിയ താല്പര്യം ജനിച്ച് ഒറ്റയടിക്ക് ആത്മീയ പക്വതയിലെത്തുവാൻ സാധ്യമല്ല. ഏതാനും പേർ പറഞ്ഞേക്കാം,"ഞാൻ പരിവർത്തനം ചെയ്ത ശേഷം ഒരിക്കലും മദ്യം തൊട്ടിട്ടില്ല" (അല്ലെങ്കിൽ ഒരു ശാപവാക്കോ ഒരു സിഗരറ്റോ ഉപയോഗിച്ചിട്ടില്ല). അത് മനോഹരമാണ്! പരിവർത്തന ശേഷം അയാളുടെ സ്വഭാവത്തിൽ വിജയകരമായ മാറ്റം സംഭവിച്ചു, ആവേശകരമായി പെട്ടെന്ന് എല്ലാ പരീക്ഷണങ്ങളെയും പൂർണ്ണമായി നീക്കം ചെയ്യുന്നത് അസംഭവ്യമാണ്. "നീതിയുടെ വചനത്തിൽ" പരിശീലനവും സമയവും അതിന് ആവശ്യമാണ് (വാ. 13), ലക്ഷ്യ പ്രാപ്തിക്ക് ആവശ്യമായത് നാം നിറവേറ്റണം.

നാം പഠിച്ചതിന്റെ അല്ലെങ്കിൽ എന്ത് ചെയ്യണമെന്ന് നമ്മെ പഠിപ്പിച്ചതിന്റെ ഫലമാണ് ജീവിതത്തിലെ നമ്മുടെ മാറ്റങ്ങൾ. ഒരാളുടെ ചില പ്രവർത്തികൾ തെറ്റാണെന്ന് ബോധ്യമാകുമ്പോൾ, പരിവർത്തനത്തിൽ അത് ഉപേക്ഷിക്കും, പാപ സംബന്ധമായ അയാളുടെ കാഴ്ചപ്പാടുകളും പരിശീലനങ്ങളും നിർത്തുവാൻ അയാൾ ഗൗരവമേറിയ പരിശ്രമം നടത്തും. നാം ഉപദേശത്തിന്റെ ഉല്പന്നമാണ്; പുതിയ ഗുണം നമ്മുടെ സ്വഭാവത്തിന്റെ ഭാഗമാക്കുവാൻ, പുരോഗതിയും, സമയവും ആവശ്യമാണ്. വിശുദ്ധന്മാർ ലോകത്തിൽ നിന്ന് വേർപെട്ടിരിക്കയും തങ്ങളുടെ വിശുദ്ധിക്കായി പ്രവർത്തിക്കുകയും വേണം. നിങ്ങൾ പക്വതയിലേക്ക് വളരുവാൻ, ''കട്ടിയായ-ആഹാരം'' കഴിക്കുന്ന ക്രിസ്ത്യാനിയാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

"എനിക്ക് അതിൽ തെറ്റൊന്നും കാണാൻ കഴിയുന്നില്ല ..." എന്ന് പ

റയുന്നവർ തങ്ങളുടെ ആത്മീയ വിവേചനമില്ലായ്മയാണ് കാണിക്കുന്നത്, നീതിയെയോ അല്ലെങ്കിൽ തെറ്റായ പരിശീലനങ്ങളെയോ അവർ പരിഗണിക്കുന്നില്ല. ചില "മങ്ങിയ വശങ്ങളിൽ" ശരിയായി തീരുമാനിക്കുക പ്രയാസമുള്ള കാര്യമാണ്. എങ്ങനെയായാലും, ആത്മാവിൽ വളരുന്ന ആൾ, ദൈവത്തിന്റെ നിയമങ്ങളിലെ നീതി ആവശ്യപ്പെടുന്നത് മനസ്സിലാക്കുകയും പാപികളോട് കരുണ കാണിക്കുകയും ചെയ്യുന്നത്, സർവ്വശക്തനായ ദൈവത്തെ പ്രസാദിപ്പിക്കുന്ന രീതിയാണ്. ദുരുപദേശത്തിന്റെ അപകടങ്ങൾ നിർണ്ണയിക്കുവാൻ സഭയിലെ അസംഖ്യം ക്രിസ്ത്യാനികൾക്ക് കഴിയാത്തതാണ് സഭ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം.

ഒരു ഉപദേഷ്ടാവ് ഒരിക്കൽ പറഞ്ഞു,"മിക്ക ക്രിസ്ത്യാനികളും 'ഇടയ്ക്കുള്ളവരാണ്.' " അയാൾ അർത്ഥമാക്കിയത്, "അവർ മിസ്രയിമിനും കനാനിനും ഇടയ്ക്കാണ്–അപകടത്തിന് പുറത്താണ്, എന്നാൽ വിശ്രമത്തിനും അവകാശത്തിനും ഇടയ്ക്കുള്ള സ്ഥലത്താണ്."[39] നമ്മുടെ വിശ്വാസം ലജ്ജാരഹിതമായി പരിശീലിച്ച് "ഇടയ്ക്കുള്ള" അവസ്ഥയിൽ നിന്ന് നമുക്ക് പുറത്ത് കടക്കാം.

---

കുറിപ്പുകൾ

[1]ജോസെഫസ് വാഴ്സ് 4.3.6, 10. [2]ജെയിംസ് ബർട്ടൺ കോഫ്മാൻ, കമന്ററി ഓൺ ഹീബ്രൂസ് (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1971), 97–98. [3]റേയ്മണ്ട് ബ്രൗൺ, ദ മെസ്സേജ് ഓഫ് ഹീബ്രൂസ്: ക്രൈസ്റ്റ് എബൗ ആൾ, ദ ബൈബിൾ സ്പീച്ച് ടുഡേ (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്സ്, 1982), 97. [4]ഡൊണാൾഡ് എ. ഹാഗ്നർ, *എൻകൗണ്ടറിംഗ് ദ ബുക്ക് ഓഫ് ഹീബ്രൂസ്: ആൻ എക്സ്പൊസിഷൻ*, എൻകൗണ്ടറിംഗ് ബിബ്ലിക്കൽ സ്റ്റഡീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ അക്കാഡമിക്, 2002), 82. [5]തോമസ് ഹെവിറ്റ്, ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമന്ററി, ദ ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1960), 95; ഡൊണാൾഡ് ഗത്രി, ഹീബ്രൂസ്, ദ ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഇന്റർ-വാഴ്സിറ്റി പ്രസ്സ്, 1983), 125. [6]പല ഉറവിടങ്ങളും ക്രയിഗ് ആർ. കോസ്റ്ററിൽ കാണാം, ഹീബ്രൂസ്: എ ന്യൂ ട്രാൻസ്ലേഷൻ വിത്ത് ഇൻട്രൊഡക്ഷൻ ആന്റ് കമന്ററി, ദ ആങ്കർ ബൈബിൾ, വാല്യം. 36 (ന്യൂയോർക്ക്: ഡബിൾഡേ, 2001), 287. [7]തനിക്കും തന്റെ കുടുംബത്തിനും വേണ്ടി പ്രാചീനകാലത്തെ മഹാപുരോഹിതന്റെ മാതൃകാ പ്രാർത്ഥനയാണ് താഴെ കൊടുത്തിരിക്കുന്നത്: "ദൈവമേ ഞാൻ നിന്നോട് അകൃത്യവും പാപവും ചെയ്തിരിക്കുന്നു, ഞാനും എന്റെ ഭവനവും, അഹരോന്റെ ഭവനവും നിന്റെ വിശുദ്ധ ജനമായ, ഞങ്ങളോടു ക്ഷമിക്കേണമേ. ഞാനും എന്റെ ഭവനവും അകൃത്യഭാരം നിറഞ്ഞ് നിന്നോട് പ്രാർത്ഥിക്കുന്നു" (മിദ്രാഷ് യോമ 4:2; കോട്ടട് ഇൻ ഗെരേത് എൽ. റീസ്, എ ക്രിട്ടിക്കൽ ആന്റ് എക്സെജെറ്റിക്കൽ കമന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ് [മോബെർലി, മോ.: സ്ക്രിപ്ച്ചർ എക്സ്പൊസിഷൻ ബുക്ക്സ്, 1992], 73, എൻ. 15). അത് കടന്നുപോയ ആളുകളുടെ നിലവിളി ആയിരുന്നു. [8]ഹെവിറ്റ്, 96. [9]കോസ്റ്റർ, 286. [10]ജെയിംസ് റ്റി. ട്രാപ്പർ, ജൂനിയർ., ഹീബ്രൂസ്, ദ ലൈഫ് ദാറ്റ് പ്ലീസസ് ഗോഡ് (വീറ്റൺ, Ill.: ടിൽഡേൽ ഹൗസ് പബ്ലിഷേഴ്സ്, 1976), 115.

[11]ജോസെഫസ് ആന്റിക്യുറ്റീസ് 15.3.1; 2 മക്കാബീസ് 4:7. [12]പ്രവൃത്തികൾ 6:1–7 ൽ

സഭ തിരഞ്ഞെടുത്തവർ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയ യോഗ്യതയുള്ളവരായിരുന്നു. നേരിട്ട് അല്ലെങ്കിലും, അവരുടെ ചുമതലകളും പരിശുദ്ധാത്മാവിന്റെ നിയോഗപ്രകാരമായിരുന്നു. ആ ഏഴ് പേരെ "ശുശ്രൂഷകന്മാർ" എന്ന് വിളിച്ചിരുന്നില്ലായെങ്കിലും, "ശുശ്രൂഷകൻ," "ദാസൻ," അല്ലെങ്കിൽ "സേവകൻ" എന്നർത്ഥം വരുന്ന വാക്കാണ് അവിടെ "ശുശ്രൂഷകൻ" എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. [13]ഫിലിപ്പ് എഡ്കുംബേ ഹ്യൂഗസ്, എ കമന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 181. [14]ഇബിഡ്., 15. [15]എഫ്. എഫ്.ബ്രൂസ്, ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്, ദ ന്യൂ ഇന്റർ നാഷണൽ കമന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1964), 97. [16]"എന്നേക്കും" എന്നതിന് "കാലം ഉള്ളടത്തോളം" എന്നാണ് യേശുവിന്റെ പൗരോഹിത്യത്തിനു പോലും അർത്ഥമാക്കുന്നത്. അത് ക്രിസ്തീയ കാലം അവസാനിക്കുന്നത് വരെയാണ്, അവൻ മടങ്ങി വരുന്നത് വരെ അത് തുടരും. മോശെയുടെ കാലത്തോളം, അല്ലെങ്കിൽ ന്യായപ്രമാണ കാലത്തോളം, അഹരോന്റെ പൗരോഹിത്യം തുടരും എന്നത് പോലെയാണ് (പുറ. 40:15; സംഖ്യ. 25:13). (റീസ്, 76, എൻ. 26.) [17]ഹെവിറ്റ്, 100–1. [18]തന്നെ മരണത്തിൽ നിന്ന് വിടുവിപ്പാൻ കഴിയുന്നവനോട് യേശു നിലവിളിച്ചപ്പോൾ തോട്ടത്തിൽ വച്ച് ഒരു പ്രസ്താവന ഉണ്ടായെങ്കിലും, യേശുവിന്റെ പ്രാർത്ഥനയ്ക്ക് മറുപടി ലഭിച്ചില്ല എന്നാണ് ചിലർ കരുതുന്നത്. [19]ജെയിംസ് തോംസൺ, ദ ലെറ്റർ ടു ദ ഹീബ്രൂസ്, ദ ലിവിങ് വേർഡ് കമന്ററി (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1971), 77. [20]ബ്രൗൺ, 100.

[21]നീൽ ആർ. ലൈറ്റ്ഫൂട്ട്, യേശു തന്നെ വിടുവിപ്പാനായി പ്രാർത്ഥിച്ചപ്പോൾ അതിന് പല രീതിയിൽ മറുപടി ലഭിച്ചതായി പറയുന്നു, അതിലവന്റെ ഭയം നീങ്ങി തോട്ടത്തിൽ വെച്ച് മരണത്തിനു മുൻപായി വിടുവിക്കാൻ അപേക്ഷിച്ചത് കേട്ടതിന്റെ ഫലമായിട്ടാണ് പിന്നെ അവൻ ഉയിർത്തെഴുന്നേറ്റത് (നീൽ ആർ. ലൈറ്റ്ഫുട്, ജീസസ് ക്രൈസ്റ്റ് ടുഡേ: എ കമന്ററി ഓൺ ദ ബുക്ക് ഓഫ് ഹീബ്രൂസ് [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1976], 109, 114–15). ജെയിംസ് റ്റി. ട്രാപ്പർ, ജൂനിയർ., നന്നായി പറഞ്ഞു: "ദൈവം അവന്റെ പ്രാർത്ഥന കേട്ടു. അവന്റെ പ്രാർത്ഥനയോട് ദൈവം പ്രതികരിച്ചു" (ട്രാപ്പർ, 123). [22]റേ സി. സ്റ്റെഡ്മാൻ, ഹീബ്രൂസ്, ദ ഐവിപി ന്യൂ ടെസ്റ്റമെന്റ് കമന്ററി സീരിസ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്സ്, 1992), 65. [23]ബ്രൂക്ക് ഫോസ് വെസ്റ്റ്കോട്ട്, ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്: ദ ഗ്രീക്ക് ടെക്സ്റ്റ് വിത്ത് നോട്സ് ആന്റ് എസ്സേയിസ് (ലണ്ടൺ: മാക്മില്ലൻ & കമ്പനി., 1889; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1973), 126. [24]സൈമൺ ജെ. കിസ്റ്റേമേക്കർ എക്സ്പൊസിഷൻ ഓഫ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്, ദ ന്യൂ ടെസ്റ്റമെന്റ് കമന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1984), 137. [25]ഡബ്ളിയൂ. എച്ച്. ഗ്രിഫിത്ത് തോമസ്, ഹീബ്രൂസ്: എ ഡിവോഷണൽ കമന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയൂഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1975), 64. [26]റീസ്, 78, എൻ. 33. [27]ലൈറ്റ്ഫുട്, 110. [28]ബ്രൗൺ, 101. [29]ഗത്രി, 131. [30]തോംസൺ, 78.

[31]കോസ്റ്റർ, 290. [32]തോംസൺ, 79. [33]ബ്രൗൺ, 102. [34]ആർതർ ഡബ്ളിയൂ. പിൻക്, ആൻ എക്സ്പൊസിഷൻ ഓഫ് ഹീബ്രൂസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 262. [35]"വന്നു" എന്ന പൂർണ്ണ കാലം സൂചിപ്പിക്കുന്നത് "കഴിഞ്ഞ കാല പ്രവർത്തിയുടെ നിലനിൽക്കുന്ന ഫലത്തെയാണ്" (ബ്രൗൺ, 105). [36]ലൈറ്റ്ഫുട്, 112. [37]ഗത്രി, 125–26. [38]ജെ. ഹാരി കോട്ടൺ, "ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്: എക്സ്പൊസിഷൻ," ഇൻ ദ ഇന്റർപ്രെട്ടേഴ്സ് ബൈബിൾ, എഡി. ജോർജ്ജ് ആർതർ

ബട്ട്റിക്ക് (നാഷ്‌വില്ലേ: അബിങ്ങ്ഡൺ പ്രസ്സ്, 1955), 11:641. [39]വാരെൻ ഡബ്ളിയൂ. വിയേഴ്‌സ്‌ബെ, ബി കോൺഫിഡന്റ്: ആൻ എക്‌സ്‌പോസിറ്ററി സ്റ്റഡി ഓഫ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ് (വീറ്റൺ, Ill.: വിക്ടർ ബുക്ക്സ്, 1982), 61.